


# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


5 ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം . . . . . . . . . . . . . . . . 1

1 ഒന്നാമത്തെ അഖിലേന്ത്യാ പുരോഗമന സാഹിത്യ സമ്മേളനം . . . . . . . . . 2

2 കേരളത്തിലെ ജീവൽസ്സാഹിത്യ പ്രസ്ഥാനം

3 പുരോഗമന സാഹിത്യ പ്രസ്ഥാനം . . 4

4 ഭിന്നിപ്പിന്റെ പശ്ചാത്തലം . . . . . . . 5

5 തൃശ്ശൂർ സമ്മേളനം . . . . . . . . . . . 6

6 II . . . . . . . . . . . . . . . . . . . . . . . 7

7 ഷഢനോവിന്റെ സാഹിത്യസിദ്ധാന്തം 8

8 പാർട്ടിപ്രവർത്തനങ്ങളുടെ സാഹിത്യവശം . . . . . . . . . . . . 9

9 സാഹിത്യത്തെ സംബന്ധിച്ച ലെനിന്റെ കാഴ്ചപ്പാട് . . . . . . . . . . 10

10 മനുഷ്യൻ — മാർക്സിസത്തിലെ പ്രതിപാദ്യവിഷയം . . . . . . . . . . 11

# 5

# ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ മലയാള സാഹിത്യത്തിന് ഒരു നവീന ചലനമുണ്ടായി. നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ, സാഹിത്യനിരൂപണങ്ങൾ ആധുനിക തരത്തിലുള്ള കവിതകൾ മുതലായവയോടുകൂടി നമ്മുടെ സാഹിത്യം ആധുനിക കാലഘട്ടത്തിലേയ്ക്ക് പ്രവേശിച്ചത് അക്കാലത്താണ്. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ലോകമൊട്ടുക്കുമുണ്ടായ സാമ്പത്തിക രാഷ്ട്രീയ സാമൂഹ്യ പരിവർത്തനങ്ങൾ, റഷ്യയിലെ തൊഴിലാളി വിപ്ലവത്തിന്റെ വിജയം ജർമനിയിലും ഹംഗറിയിലും മറ്റുമുണ്ടായ അടിച്ചമർത്തപ്പെട്ട തൊഴിലാളി വിപ്ലവങ്ങൾ സാമ്രാജ്യ വിപ്ലവ പ്രസ്ഥാനങ്ങളുടെ മുന്നേറ്റം, ഇന്ത്യയിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന നിസ്സകഹരണ പ്രസ്ഥാനം ഇതെല്ലാം സാഹിത്യം, കല, തത്വചിന്ത മുതലായവയിലും പ്രതിഫലിച്ചു. മലയാള സാഹിത്യത്തിലും ഒരു പുതിയഘട്ടം ആവിർഭവിച്ചു. പഴയ ഘട്ടങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുവാൻ ഞാൻ ഇവിടെ മുതിരുന്നില്ല. 1930 മുതൽ ഉണ്ടായ പുതിയ സാഹിത്യ പ്രസ്ഥാനങ്ങളിലെ സവിശേഷ പ്രവണതകളെപ്പറ്റി പ്രതിപാദിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. 1930–33-നിടയിൽ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ വിവിധ മണ്ഡലങ്ങളിലുണ്ടായ പരിവർത്തനങ്ങൾ ലോകചരിത്രത്തിലെ ഈ വഴിത്തിരിവിനെ കുറിക്കുന്നു. ഒരു ഭാഗത്ത് മുതലാളിത്തത്തെ ആകെ പിടിച്ചുകുലുക്കിയ സാമ്പത്തിക കുഴപ്പം, ഫാസിസത്തിന്റെ കുഴപ്പങ്ങൾ, യുദ്ധത്തിന്റെ കാർമേഘങ്ങളിൽ പടർന്ന് പിടിച്ച തൊഴിലില്ലായ്മ, പട്ടിണി മരണങ്ങൾ, ആത്മഹത്യകൾ. മറുഭാഗത്ത് ജീവിക്കാനുള്ള മൗലിക അവകാശങ്ങൾക്ക് വേണ്ടി തൊഴിലാളികളും കൃഷിക്കാരും മർദ്ദിതജന വിഭാഗങ്ങളും നടത്തിയ സമരങ്ങൾ, റഷ്യൻ വിപ്ലവത്തിൽനിന്നുണ്ടായ സോവിയറ്റ് യൂണിയന്റെ നേട്ടങ്ങൾ, ചൈനീസ് വിപ്ലവത്തിന്റെ മുന്നേറ്റം, ഫാസിസത്തിനും യുദ്ധത്തിനുമെതിരായ ഐക്യമുന്നണി സംരംഭങ്ങൾ, ഇന്ത്യയിലും മറ്റ് അടിമരാജ്യങ്ങളിലും ഉയർന്നുവന്ന പുതിയ ദേശീയപ്രബുദ്ധതയും സ്വാതന്ത്ര്യ സമരങ്ങളും, സോഷ്യലിസ്റ്റാശയങ്ങളുടെ ഉയർത്തെഴുന്നേൽപ്പ്, ജാതിമേധാവിത്വത്തിനും അയിത്തത്തിനും മറ്റ് അന്ധവിശ്വാസങ്ങൾക്കുമെതിരായ പ്രക്ഷോഭങ്ങൾ — ഈ സാർവ്വലൗകിക സാഹചര്യങ്ങൾ സാഹിത്യകാരൻമാരുടെ മാനസികമണ്ഡലങ്ങളിലുളവാക്കിയ സംഘട്ടനാത്മകമായ പ്രതികരണങ്ങളിൽ നിന്നാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ഉടലെടുത്തത്. 1932-ൽ റോമോ റോളാങ്, ഹെൻറി ബാർബ്യൂസ്സേ തുടങ്ങിയ പ്രശസ്ത സാഹിത്യകാരൻമാരുടെ നേതൃത്വത്തിൽ പാരീസിൽ വച്ച് യൂറോപ്പിലെ പുരോഗമനാശയക്കാരായ സാഹിത്യകാരൻമാരുടെ ഒരു സമ്മേളനം കൂടി. 1933 ജൂണിൽ ഹിറ്റ്ലർ അധികാരത്തിലേറിയിട്ട് മൂന്നുനാലു മാസങ്ങൾ കഴിഞ്ഞപ്പോൾ റോമാറോളാങ് തന്റെ ഒരു ലേഖനത്തിൽ എഴുതി:

'നമ്മുടെ കാലഘട്ടം മെരുക്കപ്പെടാത്തതാണ്, ക്രൂരമാണ്. നാശകരമാണ്. പക്ഷേ, അതേ സമയത്തുതന്നെ അത് ഫലസമൃദ്ധവും പ്രസരിപ്പുള്ളതുമാണ്. അതു നശിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. നമ്മുടെ കടമകളെപ്പറ്റി വിമ്മിഷ്ടപ്പെടാനോ ആവലാതിപ്പെടാനോ ഉള്ള സമയമല്ല ഇത്. ഇന്നു നമ്മൾ പഴഞ്ചൻ ആശയങ്ങൾക്കെതിരായും ഹിംസ്രങ്ങളായ ദൈവങ്ങൾക്കെതിരായും അവയെ അന്ധമായി സേവിക്കുന്ന ലക്ഷക്കണക്കുള്ള ദുർഭൂതങ്ങൾക്കെതിരായും പോരാടേണ്ടിയിരിക്കുന്നു. ഒരു പുതിയ പരിപ്രേക്ഷ്യവും ഒരു പുതിയ മനുഷ്യത്വവും സൃഷ്ടിക്കുകയാണ് നമ്മുടെ ഇന്നത്തെ കടമ'.

# 1 ഒന്നാമത്തെ അഖിലേന്ത്യാ പുരോഗമന സാഹിത്യ സമ്മേളനം

1936-ൽ ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ലക്നോവിൽ വച്ചുകൂടിയ കോൺഗ്രസ് സമ്മേളനത്തോടനുബന്ധിച്ച് സമ്മേളനപ്പന്തലിന്റെ ഒരു ഭാഗത്തുവച്ചാണ് ഒന്നാമത്തെ അഖിലേന്ത്യാ പുരോഗമന സാഹിത്യസമ്മേളനം കൂടിയത്. ഹിന്ദി സാഹിത്യ സാമ്രാട്ടായ പ്രേമചന്ദായിരുന്നു അദ്ധ്യക്ഷൻ. നെഹ്റു സമ്മേളനത്തിൽ നേരിട്ട് പങ്കെടുക്കുകയുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ പ്രേരണയും പ്രചോദനവും പ്രകടമായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്തവരിൽ മിക്കവരും കോൺഗ്രസിനകത്തെ ഇടതുപക്ഷചിന്താഗതിക്കാരായ സാഹിത്യകാരൻമാരായിരുന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അംഗങ്ങളായ സാഹിത്യകാരൻമാരും സാമ്രാജ്യവിരുദ്ധ സമരങ്ങളിലും സാമൂഹ്യപരിഷ്ക്കരണപ്രവർത്തനങ്ങളിലും പങ്കെടുത്തുകൊണ്ടുതന്നെ സാഹിത്യനിർമ്മാണം നടത്തിക്കൊണ്ടിരുന്ന മറ്റ് ഇടതുപക്ഷ കോൺഗ്രസ്സുകാരും മുഖ്യമായ തൊഴിലെന്ന നിലയ്ക്ക് സാഹിത്യകലാരംഗങ്ങളിലേർപ്പെട്ടുകൊണ്ട് സാമൂഹ്യപുരോഗതിക്ക് പ്രചോദനം നൽകിയ പുരോഗമനാശയക്കാരുമെല്ലാം സമ്മേളനത്തിൽ സജീവമായ പങ്കു വഹിച്ചു. പുതിയ കാലഘട്ടത്തിനനുകൂലമായ ഒരു സാഹിത്യനവോത്ഥാനമാവശ്യമാണെന്ന കാര്യത്തിൽ യോജിപ്പുള്ളവരായിരുന്നു അവരെല്ലാവരും. തന്റെ ഉജ്ജ്വലമായ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രേമചന്ദ് പ്രഖ്യാപിച്ചു:

> ‘സത്യാന്വേഷണത്തിനുള്ള അഭിലാഷം നമ്മിലുണർത്താത്തതും നമുക്ക് മാനസികവും ആത്മീയവുമായ സംതൃപ്തി നൽകാത്തതും നമ്മിലുള്ള ശക്തിയെ ഉത്തേജിപ്പിക്കാത്തതും നമ്മിൽ സൗന്ദര്യബോധം ഉണർത്തിവിടാത്തതും ബുദ്ധിമുട്ടുകളെ തരണംചെയ്യാനുള്ള നമ്മുടെ ഇച്ഛാശക്തിക്കു ഊക്കുകൂട്ടാത്തതും ആയ സാഹിത്യം ഇന്നു നമുക്ക് ഉപയോഗശൂന്യമാണ്. വാസ്തവത്തിൽ, ഇന്നു നമുക്കതിനെ സാഹിത്യമെന്നു വിളിക്കാൻ പോലും പറ്റില്ല’.

അദ്ദേഹം തുടർന്നു:

> ‘ജീവിതത്തിൽ ഒരു പുതിയ സൗന്ദര്യം കണ്ടെത്താനുള്ള ശ്രമം ഒരു വ്യക്തിക്ക് ആയിരക്കണക്കിലുള്ള ജനങ്ങളെ മർദ്ദിയ്ക്കാൻ കഴിവു നൽകുന്ന സാമൂഹ്യവ്യവസ്ഥയെ പിഴുതെറിയാൻ സാഹിത്യകാരൻമാരെ പ്രേരിപ്പിക്കും. മാനുഷികമായ ആത്മാഭിമാനം മുതലാളിത്തത്തിനും പട്ടാളമേധാവിത്വത്തിനും സാമ്രാജ്യാധിപത്യത്തിനുമെതിരായ കലാപത്തിന്റെ കൊടിക്കൂറയുയർത്താൻ നമ്മോടാവശ്യപ്പെടും. ഇവയോടെല്ലാമുള്ള നമ്മുടെ എതിർപ്പ് കടല്ലാസ്സിൽ ആവിഷ്ക്കരിക്കുന്നതോടെ നാം തൃപ്തിയടഞ്ഞിരിക്കാൻ പാടില്ല; സൗന്ദര്യത്തേയും ഉത്തമങ്ങളായ അഭിരുചികളേയും മനുഷ്യന്റെ അന്തസ്സിനേയും നിഷേധിക്കാത്ത ഒരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കാൻവേണ്ടി നാം സജീവമായി പ്രവർത്തിക്കണം’.

പ്രേമചന്ദിന്റെ ദൃഷ്ടിയിൽ ‘മറ്റെന്തിനേക്കാളുമധികം വൈരൂപ്യം ദരിദ്രൻമാരുടേയും തൊഴിലാളികളുടേയും ചോരപുരണ്ട സ്വത്തുക്കളിലും അവയുടെ കൂടെപ്പിറപ്പുകളിലുമാണ് സ്ഥിതിചെയ്യുന്നത്’.

നീണ്ടുനിന്ന ചർച്ചകൾക്കുശേഷം ലക്നോ സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ച മാനിഫെസ്റ്റോവിന്റെ പൂർണ്ണരൂപം ഇവിടെ ഉദ്ധരിക്കട്ടെ:

‘ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പഴയ ആശയങ്ങളും വിശ്വാസങ്ങളും നശിച്ചുകൊണ്ടിരിക്കുന്നു; ഒരു പുതിയ സാമൂഹ്യക്രമം നിലവിൽ വന്നുകൊണ്ടിരിക്കുന്നു. ഈ വിപ്ലവകരമായ മാറ്റങ്ങളെ വാക്കുകളിലൂടെ ആവിഷ്ക്കരിക്കുകയും പുരോഗതി പാതയിലൂടെ മുന്നോട്ടുപോകാൻ ഇന്ത്യൻ ജനതയെ സഹായിക്കുകയും ചെയ്യേണ്ടത് ഇന്ത്യൻ സാഹിത്യകാരൻമാരുടെ കടമയാണ്’.

‘ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടവും മിസ്റ്റിസിസത്തിലും കപടമായ ആത്മീയവാദത്തിലും ചെന്ന് അഭയം പ്രാപിക്കലും ഇന്ത്യൻ സാഹിത്യത്തിന്റെ സവിശേഷതകളിലൊന്നായിത്തീർന്നിട്ടുണ്ട്. തൽഫലമായി, അത് രൂപത്തിലും ഭാവത്തിലും ബാലിശവും നിർജ്ജീവവുമായിരിക്കുന്നു. അത് യുക്തിഹീനവും വിചാരശൂന്യവുമായിരിക്കുന്നു.

നമ്മുടെ സാഹിത്യത്തേയും മറ്റു കലകളേയും പിന്തിരിപ്പൻവർഗ്ഗങ്ങളുടെ ആധിപത്യത്തിൽനിന്ന് മോചിപ്പിക്കുകയും അവർക്കു ജനങ്ങളുമായി ഉറ്റസമ്പർക്കങ്ങളുണ്ടാക്കുകയും ചെയ്യുക, അവയിൽ ജീവിതവും യാഥാർത്ഥ്യവും പകരുക, മനുഷ്യരാശി നമ്മുടെ കാലഘട്ടത്തിൽ എന്തിനുവേണ്ടി സമരം ചെയ്യുന്നുവോ ആ ശോഭനമായ ഭാവിയിലേക്കുള്ള പാത ജനങ്ങൾക്കു കാണിച്ചുകൊടുക്കുക — ഇതാണ് ജനങ്ങളുടെ സംഘടനയുടെ ലക്ഷ്യം’.

‘ഇന്ത്യൻ സംസ്കാരത്തിന്റെ ഉൽകൃഷ്ടങ്ങളായ പാരമ്പര്യങ്ങളെ നിലനിർത്താൻ പരിശ്രമിച്ചുകൊണ്ടുതന്നെ, നമ്മുടെ സമൂഹത്തിലെ അധഃപതിച്ചുകൊണ്ടിരിക്കുന്ന പ്രവണതകളെ ഞങ്ങൾ നിർദ്ദയം വിമർശിക്കും. ഒരു പുതിയ മെച്ചപ്പെട്ട, ജീവിതത്തിലേക്കുള്ള മാർഗ്ഗം നമ്മുടെ ജനതയ്ക്കു കാണിച്ചുകൊടുക്കുന്ന എല്ലാത്തരം വികാരവിചാരങ്ങളേയും ഞങ്ങളാവിഷ്ക്കരിക്കും. ഈ കടമ നിറവേറ്റുന്നതിനുവേണ്ടി നമ്മുടെ സ്വന്തം രാജ്യത്തിന്റേയും മറ്റു രാജ്യങ്ങളുടേയും സംസ്കാരത്തിലും പരിഷ്ക്കാരങ്ങളിലുമുണ്ടായിട്ടുള്ള നേട്ടങ്ങളെ ഞങ്ങളുപയോഗപ്പെടുത്തും. ഇന്ത്യയുടെ പുതിയ സാഹിത്യം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെ കൈകാര്യം ചെയ്യണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. വിശപ്പിന്റേയും ദാരിദ്ര്യത്തിന്റെയും സാമൂഹ്യമായ പിന്നോക്കാവസ്ഥയുടേയും രാഷ്ട്രീയാടിമത്തത്തിന്റേയും പ്രശ്നങ്ങളാണിവ’.

‘നമ്മിൽ നിശ്ചേഷ്ടതയേയും നിഷ്ക്രിയത്വത്തേയും അന്ധവിശ്വാസത്തേയും പോറ്റി വളർത്തുന്നതെന്തും ദ്രോഹകരമാണ്. ഞങ്ങളവയെ പിന്തിരിപ്പനെന്ന നിലക്കു തള്ളിക്കളയുന്നു’.

‘നമ്മിൽ യുക്തിബോധത്തെ ഉണർത്തിവിടുന്നതും പഴയ വിശ്വാസങ്ങളേയും ആചാരങ്ങളേയും യുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കാൻ നമ്മെ സഹായിക്കുന്നതും പ്രവർത്തിക്കാനും സംഘടിക്കാനും നമ്മുടെ ശക്തി നൽകുന്നതുമായ എല്ലാറ്റിനേയും പുരോഗമനപരമെന്ന നിലയ്ക്ക് ഞങ്ങളംഗീകരിക്കുന്നു’.

ഞങ്ങളുടെ സംഘടനയുടെ ഉദ്ദേശങ്ങളിവയാണ്.

1. എല്ലാ ഇന്ത്യൻ ഭാഷകളിലേയും പുരോഗമനസാഹിത്യകാരൻമാരെ യോജിപ്പിക്കുകയും അവരുടെ സംഘടനകളുണ്ടാക്കുകയും ചെയ്യുക, പുരോഗമന സാഹിത്യകൃതികളുടെ പ്രസിദ്ധീകരണങ്ങളിലൂടെ ഞങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുക.
2. പിന്തിരിപ്പൻശക്തികൾക്കും പിന്തിരിപ്പൻ പ്രവണതകൾക്കുമെതിരായി സമരം ചെയ്യുകയും നമ്മുടെ ജനതയുടെ സ്വാതന്ത്ര്യസമരത്തെ സഹായിക്കുകയും ചെയ്യുക.
3. പുരോഗമനസാഹിത്യകാരൻമാർക്ക് ഭൗതികവും ധാർമ്മികവുമായ സഹായങ്ങൾ നൽകുക.
4. ചിന്തകളുടേയും ആശയങ്ങളുടേയും സ്വതന്ത്രമായ പ്രകടനത്തിനുള്ള അവകാശം സംരക്ഷിയ്ക്കുക”.

# 2 കേരളത്തിലെ ജീവൽസ്സാഹിത്യ പ്രസ്ഥാനം

സമ്മേളനത്തിന്റെ ആഹ്വാനമനുസരിച്ച് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അഖിലേന്ത്യാ പുരോഗമനസാഹിത്യസംഘടനയുടെ ബ്രാഞ്ചുകൾ രൂപവൽക്കരിക്കപ്പെട്ടു. അവയിലൊന്നായി 1957 ഏപ്രിൽ മാസത്തിൽ തൃശ്ശൂരിൽ വച്ച് സംഘടിപ്പിക്കപ്പെട്ട, ജീവൽസാഹിത്യ സംഘം.

അതിനുമുമ്പുതന്നെ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ വളരാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായ സ്വാതന്ത്ര്യസമരവും നാട്ടുരാജ്യങ്ങളിലെ ഉത്തരവാദഭരണപ്രക്ഷോഭങ്ങളും ഒരു പുതിയ ഘട്ടത്തിലെത്തിക്കഴിഞ്ഞിരുന്നു. ഫാഷിസത്തിനും യുദ്ധത്തിനുമെതിരായ ചിന്താഗതികൾ പരന്നുപിടിക്കാൻ തുടങ്ങിയിരുന്നു. ജാതിമേധാവിത്വത്തിനും അയിത്തത്തിനുമെതിരായ പ്രസ്ഥാനങ്ങൾ ഗ്രാമീണജീവിതത്തിന്റെ അടിപുഴകാൻ തുടങ്ങിയിരുന്നു. സാഹിത്യരംഗത്തിലും ഒരു നവോത്ഥാനം ആരംഭിച്ചുകഴിഞ്ഞിരുന്നു.

1931-ൽ ടി.ആർ. കൃഷ്ണസ്വാമിഅയ്യരുടെ പത്രാധിപത്യത്തിൽ നടന്നിരുന്ന ‘യുവഭാരതം’ എന്ന വാരികയിൽ ബ്രിട്ടീഷ് ഭരണത്തെ എതിർത്തുകൊണ്ട്,

> ‘പാടില്ലപോൽ ചിലതു വായ്ക്കുവതിനു മിണ്ടാൻ
> പാടില്ലപോൽ ചിലതൊക്കെ നിഷിദ്ധമത്രേ!’
> എന്നും
> ‘തീണ്ടാടിവന്ന പരദേശികളേ! ഭവാന്മാ-
> ർക്കുണ്ടാകുമോ കരുണ ഞങ്ങളിലെന്തുകൊണ്ടും?
> കൊണ്ടാടി നാടുഭരിച്ചതുകണ്ടു, വേണ്ട
> വേണ്ടാ മടങ്ങുകിനി വന്ന വഴിക്കുതന്നെ’

എന്നും മറ്റുമടങ്ങിയ ഏതാനും ശ്ലോകങ്ങളെഴുതിയ സുബ്രഹ്മണ്യൻ തിരുമുമ്പിന് ഒമ്പതുമാസത്തെ ജയിൽശിക്ഷ കിട്ടിയത് ഞാനോർക്കുന്നു. തിരുമുമ്പിനെ രക്ഷിക്കാൻവേണ്ടി സാക്ഷിപറയാൻ കോടതിയിൽ ഹാജരായത് ഒരു പഴഞ്ചൻ സാഹിത്യകാരനെന്നു പലരും കരുതിയിരുന്ന കട്ടമത്ത് കന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പായിരുന്നു എന്നുകൂടി ഇവിടെ അനുസ്മരിക്കുന്നത് നന്ന്.

കേശവദേവ്, തകഴി തുടങ്ങിയ പുതിയ എഴുത്തുകാർ രംഗപ്രവേശം ചെയ്തത് ഈ ഘട്ടത്തിലാണ്. വി.ടി. ഭട്ടതിരിപ്പാടിന്റെ ‘അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്’ എം.ആർ.ബി.യുടെ ‘മറക്കുടയ്ക്കുള്ളിലെ മഹാനരകം’ എന്നീ നാടകങ്ങൾ, സഹോദരനയ്യപ്പന്റെ ലേഖനങ്ങളും കവിതകളും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാത്തരം പുരോഗമനപ്രസ്ഥാനങ്ങൾക്കും പിന്തുണനൽകിയ കേസരി ബാലകൃഷ്ണപിള്ളയുടെ നവംനവങ്ങളായ ആശയങ്ങൾ — ഇവയെല്ലാം യുവഹൃദയങ്ങളെ ആവേശം കൊള്ളിച്ചു. മനുഷ്യജീവിതത്തിന് പുതിയൊരർത്ഥവും പുതിയൊരു ലക്ഷ്യവും കണ്ടെത്താനുള്ള വെമ്പൽ സർവത്ര പ്രകടമായിരുന്നു.

ചുറ്റുപാടുകളുടെ കാപട്യങ്ങൾക്കും മൃഗീയതകൾക്കുമെതിരായി ശബ്ദമുയർത്തുന്നതോടൊപ്പം തന്നെ സ്വന്തം ആത്മാവിന്റെ ഏകാന്തതയിൽനിന്നു പൊന്തിവന്ന നിരാശതകൾക്കും നിസ്സഹായതകൾക്കും രൂപം നൽകാൻ ശ്രമിച്ച ചില യുവകവികളും അക്കാലത്തുയർന്നുവന്നു. ‘മണിമുഴക്കം മരണദിനത്തിന്റെ മണിമുഴക്കം മധുരം മനോഹരം’ എന്നു തുടങ്ങുന്ന ഒരു കവിതയെഴുതിവച്ച് ആത്മഹത്യചെയ്ത ഇടപ്പള്ളി രാഘവൻപിള്ളയും ‘കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം’ എന്നു വിലപിച്ച ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഉദാഹരണങ്ങളാണ്. ചങ്ങമ്പുഴയുടെ ചേതോഹരമായ പുതിയ ശൈലിക്ക് ഹൃദയത്തിന്റെ നിഗൂഢതകളിലേക്കും തുളച്ചുകയറുന്ന അകൃത്രിമരമണീയങ്ങളായ ആശയങ്ങൾക്കുമെതിരായി സഞ്ജയനെപ്പോലുള്ള പ്രഗത്ഭ സാഹിത്യകാരൻമാർ തങ്ങളുടെ മൂർച്ചയേറിയ തൂവലുകൾ ചലിപ്പിച്ചുനോക്കി. എന്നിട്ടും, ഏതാനും വർഷങ്ങൾക്കുള്ളിൽ ‘രമണ’ന്റെ കാൽലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞു. ചങ്ങമ്പുഴക്കവിത ആയിരക്കണക്കിലുള്ള യുവാക്കൻമാരുടെ ചുണ്ടുകളിൽ തത്തിക്കളിച്ചു. നാടും വീടും വിട്ട് പട്ടാളത്തിൽ ചേർന്നവർക്കിടയിലും തൊഴിലില്ലാത്ത തെണ്ടിത്തിരിഞ്ഞ യുവാക്കൾക്കിടയിലുമാണ് അതു കൂടുതൽ പ്രചരിച്ചത് എന്നു കരുതുന്നത് ശരിയായിരിക്കാം. എന്നാൽ, യൂണിയൻ പ്രവർത്തനങ്ങളിലും പണിമുടക്കങ്ങളിലും പങ്കെടുത്ത ചില തൊഴിലാളികൾപോലും തങ്ങളുടെ മൂളിപ്പാട്ടുകൾക്ക് ചങ്ങമ്പുഴക്കവിതയെ അഭയംപ്രാപിക്കുന്നത് ഞാൻ നേരിട്ടുകണ്ടിട്ടുണ്ട്. ഒരേ ഹൃദയത്തിൽനിന്ന് പ്രതിഷേധത്തിന്റെയും വിഷാദാത്മകത്വത്തിന്റെയും സ്വരങ്ങൾ പുറപ്പെടുന്നതെങ്ങിനെയെന്നു മനസ്സിലാക്കാൻ നമ്മുടെ അന്നത്തെ സാഹിത്യനിരൂപകൻമാർക്ക് സാധിച്ചില്ല. ഒരേ കണ്ഠത്തിൽനിന്ന് ഇങ്ക്വിലാബ് സിന്ദാബാദുകളും ‘ശരണമയ്യപ്പാ’ വിളികളും മാറിമാറി പുറപ്പെടുന്നതെന്തുകൊണ്ടെന്ന് ഇന്നു മനസ്സിലാക്കാൻ കഴിയാത്തതുപോലെ.

ഇതേകാലത്തുതന്നെ സാമൂഹ്യപുരോഗതിയുടെയും വിവിധ രംഗങ്ങളിലുള്ള ബഹുജനപ്രക്ഷോഭണങ്ങളുടെയും അവ മനുഷ്യന്റെ മാനസികമണ്ഡലങ്ങളിലുളവാക്കുന്ന ചലനങ്ങളുടേയും പ്രാധാന്യം മനസ്സിലാക്കാൻ കൂട്ടാക്കാതെ പഴയ ചിന്താഗതികളെത്തന്നെ മുറുക്കിപ്പിടിച്ചുനിന്നവരുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ദാസൻമാരും ‘പൊന്നുതിരുമേനി’മാരുടെ സ്തുതിപാഠകൻമാരും നിലവിലുള്ള സാമൂഹ്യവ്യവസ്ഥയുടെ ശാശ്വതത്വത്തിൽ വിശ്വസിച്ചിരുന്നവരും ഉണ്ടായിരുന്നു. ഗുരുവായൂരിലെ ക്ഷേത്രപ്രവേശനസത്യാഗ്രഹം നടന്നുകൊണ്ടിരുന്ന കാലത്താണ് പെട്ടരഴിയം ചെറിയ രാമനെളയത് അയിത്തത്തിന്റെയും ജാതിവ്യവസ്ഥയുടെയും സനാതനത്വത്തെപ്പറ്റി ഒരു നീണ്ട കവിതയെഴുതിയത്. സാമ്രാജ്യാധിപത്യത്തിനും അയിത്തത്തിനും മറ്റനാചാരങ്ങൾക്കുമെതിരായി ഉറച്ച നിലപാടുകളെടുത്തവർക്കിടയിൽത്തന്നെ വളർന്നുവരുന്ന തൊഴിലാളി കർഷകപ്രക്ഷോഭണങ്ങളുടെ നേർക്ക് അവജ്ഞയും അമർഷവും പ്രകടിപ്പിച്ചവരുണ്ടായിരുന്നു. രാഷ്ട്രീയ സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ചടത്തോളം പൊതുവിൽ പുരോഗമനപരങ്ങളായ അഭിപ്രായങ്ങൾ പുലർത്തിപ്പോന്നവർക്കിടയിൽത്തന്നെ ചിലർ അഭിപ്രായങ്ങളുമായി പൊരുത്തപെടാത്ത സാഹിത്യനിരൂപണ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. 1936-ൽ വി.ടി. ഭട്ടതിരിപ്പാടിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധം ചെയ്യപ്പെട്ട ഉത്ബുദ്ധകേരളം എന്ന വാരികയിൽ ‘കല കലയ്ക്കുവേണ്ടി’ ലേഖനമെഴുതിയ കുട്ടികൃഷ്ണമാരാർ ഇതിനുദാഹരണമാണ്. കലയ്ക്കു കലയാവുക എന്നതിൽക്കവിഞ്ഞ മറ്റു യാതൊരുദ്ദേശ്യമില്ലെന്നും സാഹിത്യകാരന് സമൂഹത്തോട് യാതൊരുത്തരവാദിത്വമില്ലെന്നും സമർത്ഥിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹത്തിന്റെ വാദഗതികളെ ഖണ്ഡിച്ചുകൊണ്ട് ഞാനും ഇ.എം.എസ്. നമ്പൂതിരിപ്പാടും അതേവാരികയിൽത്തന്നെ ലേഖനമെഴുതുകയുണ്ടായി. അതിനുശേഷം ഏതാണ്ടൊരു കൊല്ലം കഴിഞ്ഞതിനുശേഷമാണ് ‘ജീവൽ സാഹിത്യസംഘം’ രൂപംകൊണ്ടത്.

ജീവൽസ്സാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിക്കൊണ്ട് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് എഴുതുന്നു:

> ‘പാർട്ടി സാഹിത്യ’മായാണ് പുരോഗമന സാഹിത്യം കേരളത്തിൽ ആദ്യമായി രൂപംകൊണ്ടത്. അന്നേവരെ സാഹിത്യകാരൻമാരായി അംഗീകരിക്കപ്പെടാതിരുന്ന കുറേ യുവ രാഷ്ട്രീയ പ്രവർത്തകരാണ് 1937-ൽ ‘ജീവൽസാഹിത്യസംഘ’മെന്ന പേരിൽ ഒരു സംഘടനയ്ക്ക് രൂപം നൽകിയത്. ജീവൽസ്സാഹിത്യ സംഘം തൊഴിലാളി കർഷക ബഹുജനപ്രസ്ഥാനങ്ങളിൽ അടിയുറച്ചുനിൽക്കുന്ന കമ്മ്യൂണിസ്റ്റ് (അന്ന് കോൺഗ്രസ് സോഷ്യലിസ്റ്റ്) പ്രവർത്തകർ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപാടിനൊത്ത് ഒരു പുതിയ സാഹിത്യം വളർത്തിയെടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി രൂപമെടുത്തതാണ്. ഈ ഘട്ടത്തിലെ പുരോഗമന സാഹിത്യത്തിന്റെ സന്തതികളാണ് ‘പാട്ടബാക്കി’, ‘രക്തപാനം’ എന്നീ രണ്ടു നാടകങ്ങളും ഒട്ടേറെ ചെറുകഥകൾ, കവിതകൾ മുതലായ ഈ കൃതികളും. ഈ രണ്ടു നാടകങ്ങളെഴുതിയ കെ.ദാമോദരൻ, കവിതകളും കഥകളുമെഴുതിയ ചെറുകാടും കെ.പി.ജി.യും അച്യുതക്കുറുപ്പും മറ്റും — ഇവരെല്ലാം ബഹുജനപ്രസ്ഥാനം വളർത്താൻ (അതിനുമാത്രം) സാഹിത്യരചന നടത്തുന്ന അന്നത്തെ യുവ സാഹിത്യകാരൻമാരായിരുന്നു. ‘കല കലയ്ക്കുവേണ്ടി’ എന്ന സിദ്ധാന്തത്തെയും ‘സാഹിത്യകാരന് സ്വന്തം അനുഭൂതികളോടല്ലാതെ സമൂഹത്തോട് ഉത്തരവാദിത്വമില്ല’ എന്ന വാദഗതിയോടും ഏറ്റുമുട്ടി തൊഴിലാളി വർഗ്ഗസാഹിത്യം രചിക്കാൻ മനഃപൂർവ്വം ശ്രമിച്ചിരുന്നവരാണവർ’.
>
> — (ദേശാഭിമാനി, റിപ്പബ്ലിക് വിശേഷാൽ പ്രതി 1971)

കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരായി മാറിക്കഴിഞ്ഞ ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. കെ. വാരിയർ, കെ. ദാമോദരൻ മുതലായവരാണ് തൃശ്ശൂരിൽ ജീവൽസ്സാഹിത്യസമ്മേളനം വിളിച്ചുകൂട്ടാൻ മുൻകയ്യെടുത്ത് പ്രവർത്തിച്ചത് എന്നതു ശരിയാണ്. എന്നാൽ പാർട്ടി സാഹിത്യമായാണ് ജീവൽസ്സാഹിത്യപ്രസ്ഥാനം ആവിർഭവിച്ചത് എന്നോ കമ്മ്യൂണിസ്റ്റുകാരാണ് ‘കേരളത്തിൽ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ബീജവാപം നടത്തിയത് എന്നോ പറയുന്നത് അത്ര ശരിയാണെന്ന് തോന്നുന്നില്ല. എന്തെന്നാൽ, സമ്മേളനത്തിൽ പങ്കെടുത്തവരെല്ലം കമ്മ്യൂണിസ്റ്റുകാരോ തൊഴിലാളി കർഷക പ്രവർത്തകൻമാരോ ആയിരുന്നില്ല. അദ്ധ്യക്ഷത വഹിച്ചത് ഒരു ഇടതുപക്ഷ കോൺഗ്രസ്സുകാരനും ‘ബോംബേക്രോണിക്കിളി’ന്റെ പത്രാധിപരുമായിരുന്ന സി. കെ. നാരായണസ്വാമിയാണ്. സമ്മേളനത്തിന്റെ ഉദ്ദേശ്യമാകട്ടെ, ലക്നോ സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ ഒരു കേരള ഘടകം സ്ഥാപിക്കുകയായിരുന്നുതാനും. Progressive Writer’s Association എന്ന പേര് മലയാളത്തിലേക്ക് എങ്ങിനെ പരിഭാഷപ്പെടുത്തണമെന്നതിനെ സംബന്ധിച്ച് ഒരു തർക്കമുണ്ടായി. പുരോഗമനം, സാഹിത്യം എന്നീ രണ്ടു നാമപദങ്ങളെ ഒന്നിച്ചുചേർത്ത് വ്യാകരണനിയമങ്ങൾക്കെതിരാണെന്ന കാരണത്താൽ പുരോഗമന സാഹിത്യം എന്ന പേര് വേണ്ടെന്നുവച്ചു. പുരോഗമനാത്മക സാഹിത്യം പുരോഗമനോന്മുഖ സാഹിത്യം എന്നിങ്ങനെ മറ്റു പല പേരുകളും നിർദ്ദേശിക്കപ്പെടുകയുണ്ടായി. ചർച്ചകൾക്കുശേഷം ഒടുവിൽ, ജീവൽസാഹിത്യസംഘം എന്ന പേര് പൊതുവിൽ അംഗീകരിക്കപ്പെട്ടു. പേരെന്തായാലും, ഈ സംഘം അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ ബ്രാഞ്ചായിട്ടാണ് പ്രവർത്തിക്കുക എന്നു തീരുമാനിക്കപ്പെട്ടു. അഖിലേന്ത്യാ സംഘടനയുടെ മാനിഫെസ്റ്റോയും അംഗീകരിക്കപ്പെട്ടു.

സമ്മേളനത്തിൽ പുരോഗമന പ്രസ്ഥാനത്തിന്റെ ആവശ്യകതയേയും അതിന്റെ വിവിധ വശങ്ങളേയും വിവരിച്ചുകൊണ്ട് ഇ. എം. എസ്. നമ്പൂതിരിപ്പാട്, എൻ. പി. ദാമോദരൻ, എ. മാധവൻ, കെ. ദാമോദരൻ എന്നീ നാലുപേർ ഓരോ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. ‘പഴയ സാഹിത്യവും നമുക്കാവശ്യമായ പുതിയ സാഹിത്യവും’ എന്ന വിഷയത്തെക്കുറിച്ച് ഞാൻ തയ്യാറാക്കിയ നീണ്ട പ്രബന്ധം സഞ്ജയൻ എന്ന പേരിൽ സുപ്രസിദ്ധനായിത്തീർന്ന എം. ആർ. നായർ തന്റെ പത്രാധിപത്യത്തിലുള്ള ‘കേരള പത്രിക’യുടെ മൂന്നുലക്കങ്ങളിലായി ഒരക്ഷരം പോലും വെട്ടിക്കളയാതെതന്നെ പ്രസിദ്ധം ചെയ്യുകയും അതിനുശേഷം ജീവൽസ്സാഹിത്യ പ്രസ്ഥാനത്തിന്നെതിരായി — അദ്ദേഹത്തിന്റെ ഭാഷയിൽ ചാവൽസ്സാഹിത്യത്തിനെതിരായി — ഒരു കുരിശ്ശുയുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ പത്രപംക്തികളിലും പ്രസംഗവേദികളിലും ചൂടുപിടിച്ച വാദപ്രതിവാദങ്ങളാരംഭിച്ചു. മിക്ക സാഹിത്യസമ്മേളനങ്ങളിലും ജീവൽസാഹിത്യം ചർച്ചാവിഷയങ്ങളായി. ഏറെക്കഴിയുന്നതിന് മുമ്പ് തലമുതിർന്ന സുപ്രസിദ്ധ സാഹിത്യകാരൻമാരിൽ ഭൂരിഭാഗവും, പ്രത്യേകിച്ചും യുവതലമുറ, ജീവൽസ്സാഹിത്യപ്രസ്ഥാനത്തിന്റെ പിന്നിൽ അണിനിരന്നു. പ്രൊഫസർ. ശങ്കരൻനമ്പ്യാർ, ജി. ശങ്കരക്കുറുപ്പ് മുതലായ സാഹിത്യാകാരൻമാർ ജീവൽസ്സാഹിത്യപ്രസ്ഥാനത്തെ അനുകൂലിച്ചുകൊണ്ട് ലേഖനങ്ങളെഴുതി. പ്രൊഫസ്സർ നമ്പ്യാരുടെ ‘ജീവൽസ്സാഹിത്യം’ എന്ന പ്രബന്ധം ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഒരു പാഠപുസ്തകത്തിൽ സ്ഥാനംപിടിക്കുകപോലും ചെയ്തു. സാഹിത്യശിരോമണി കുട്ടികൃഷ്ണമാരാരോ? തന്റെ എല്ലാ ലേഖനങ്ങളേയും പുസ്തകരൂപത്തിൽ പുനഃപ്രസിദ്ധീകരിക്കാറുള്ള മാരാർ ‘ഉൽബുദ്ധ കേരളത്തിലെ ‘കല കലയ്ക്കുവേണ്ടി’ എന്ന ലേഖനത്തെമാത്രം വിട്ടുകളഞ്ഞു. എന്നല്ല തന്റെ പഴയ നിലപാടിൽ നിന്നു വിട്ട് ‘കല ജീവിതത്തിനുവേണ്ടി’ എന്ന പുതിയ ലേഖനമെഴുതുകയും ചെയ്തു.

1939-ൽ കണ്ണൂർ ജില്ലയിലെ ബക്കളത്തു വച്ചുകൂടിയ കോൺഗ്രസ്സ് സമ്മേളനത്തോടനുബന്ധിച്ച് ജീവൽസ്സാഹിത്യസംഘത്തിന്റെ മൂന്നാം സമ്മേളനം കൂടി. അതിൽ വച്ച് ഞാൻ അദ്ധ്യക്ഷനും കെ. പി. ജി. സെക്രട്ടറിയായും, ഒരു പുതിയ കമ്മിറ്റി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി ജീവൽസ്സാഹിത്യപ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തകൻമാരിൽ പലരും അറസ്റ്റുചെയ്യപ്പെടുകയോ ഒളിവിൽ പോവാൻ നിർബന്ധിതരാവുകയോ ചെയ്തതോടൊപ്പം സംഘം പ്രവർത്തനരഹിതമായി. പക്ഷേ, അപ്പോഴേക്കും സാഹിത്യത്തിലെ നൂതനപ്രവണതകൾ മലയാളഭാഷയിൽ വേരുറച്ചുകഴിഞ്ഞിരുന്നു.

ചരിത്രപരമായി പരിശോധിക്കുമ്പോൾ ജീവൽസ്സാഹിത്യപ്രസ്ഥാനത്തിന്റെ മുഖ്യമായ ചില ദൗർബല്യങ്ങളെ കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഏറ്റവും മുഖ്യമായ ദൗർബല്യം കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരൻമാരുടെ തെറ്റായ ചിന്താഗതികളായിരുന്നു.

കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാർ മലയാള സാഹിത്യത്തിനു നൽകിയ സംഭാവനകൾ വിലപിടിച്ചവയാണെന്നു സമ്മതിച്ചേ തീരൂ. അവരുടെ കൃതികൾ മർദ്ദിതജനവിഭാഗങ്ങളുടെ പ്രസ്ഥാനങ്ങൾക്ക് ഉത്തേജനം നൽകി എന്ന കാര്യത്തിലും സംശയമില്ല. പക്ഷേ, അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ മാനിഫെസ്റ്റോവിൽ വിശപ്പിനും പട്ടിണിക്കും രാഷ്ട്രീയാടിമത്തത്തിനുമെതിരായി പോരാടുക എന്നത് സാഹിത്യകാരൻമാരുടെ കടമകളിൽ ഒന്നു മാത്രമായിരുന്നു. മറ്റെല്ലാ കടമകളും അവഗണിക്കപ്പെടുകയാണുണ്ടായത്.

രണ്ടാമത്, 1931-നും 1937-നും ഇടയിൽ മലയാളസാഹിത്യത്തിലുയർന്നുവന്ന പുരോഗമനപരങ്ങളായ പ്രവണതകളുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കാനോ സാഹിത്യനവോത്ഥാനത്തിനു നേതൃത്വം നൽകിയ എല്ലാ പുരോഗമന സാഹിത്യകാരൻമാരേയും യോജിപ്പിച്ചണിനിരത്താനോ അവരുടെ സാഹിത്യകൃതികളെ പുരോഗമനസാഹിത്യകൃതികളായി അംഗീകരിക്കാൻ പോലുമോ കമ്മ്യൂണിസ്റ്റുകാർ തയ്യാറായില്ല. രവീന്ദ്രനാഥടാഗോറിന്റേയും സരോജിനിനായിഡുവിന്റേയും അഖിലേന്ത്യാ പ്രശസ്തി നേടിയ മറ്റനവധി സാഹിത്യമഹാരഥൻമാരുടേയും പിന്തുണയാർജ്ജിച്ച വിപുലമായ പുരോഗമനസാഹിത്യപ്രസ്ഥാനത്തെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും അടിയന്തിരാവശ്യങ്ങളിലൊതുക്കി നിർത്താനാണ് അവർ പരിശ്രമിച്ചത്. തങ്ങളുടെ ചിന്താഗതികളോട് പൂർണ്ണമായും അന്ധമായി യോജിക്കാത്തവർക്കാർക്കും പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ പങ്കില്ലെന്ന ഒരു ഇടുങ്ങിയ മനോഭാവമാണ് അവരെ നിയന്ത്രിച്ചത്.

മൂന്നാമത് മർദ്ദിത ജനവിഭാഗങ്ങൾക്കുവേണ്ടി സാഹിത്യം നിർമ്മിക്കുക എന്നതിന്റെ ശരിയായ അർത്ഥമെന്താണെന്നുപോലും അവർക്കു രൂപമുണ്ടായിരുന്നില്ല. തൊഴിലാളികളെയും കൃഷിക്കാരെയും മാനുഷികങ്ങളായ വികാരവിചാരങ്ങളും ആഗ്രഹാഭിലാഷങ്ങളും സങ്കീർണ്ണമായ ജീവിതാവശ്യങ്ങളുമുള്ള യഥാർത്ഥമനുഷ്യരായിരുന്നിട്ടല്ല, കൂലിക്കും ശമ്പളവർദ്ധനവിനും നിലത്തിനുംവേണ്ടി പോരാടുന്ന വെറും സാമ്പത്തികജീവികളായിട്ടാണവർ കണ്ടത്. അടിയന്തിരസാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയുള്ള വർഗ്ഗസമരത്തെയും സർവ്വോന്മുഖമായ പുരോഗതിയ്ക്കാവശ്യമായ സാമൂഹ്യവിപ്ലവത്തേയും അവർ കൂട്ടിക്കുഴച്ചു. സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയുള്ള ബഹുജനസമരങ്ങൾക്കു നേതൃത്വം നൽകുന്നതോടൊപ്പം സാംസ്കാരികമായും ആത്മീയമായും സ്വയം വളരുകയും നിരക്ഷരതയിലും അജ്ഞതയിലുമാണ്ടുകിടക്കുന്ന ജനകോടികളെ സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും വിജ്ഞാനത്തിന്റെയും മേഖലകളിലേയ്ക്കുയർത്തുകയും ചെയ്യേണ്ടതാവശ്യമാണെന്ന് അവർ മനസ്സിലാക്കിയില്ല.

നാലാമത്, കമ്മ്യൂണിസ്റ്റുകാരല്ലാത്ത പുരോഗമന സാഹിത്യകാരൻമാരുടെ കൃതികളെ മാത്രമല്ല, വിവിധ കാലഘട്ടങ്ങളിൽ മലയാളസാഹിത്യത്തിന്റെ വളർച്ചയെ സഹായിച്ച പഴയ സാഹിത്യകൃതികളെയും വിമർശനപരമായി പരിശോധിക്കാതെതന്നെ അവഗണിക്കാനുള്ള വാസന പ്രബലമായിരുന്നു. നീണ്ടകാലത്തെ സാഹിത്യസാംസ്കാരിക പാരമ്പര്യത്തിന്റെ ഉത്തമഘടകങ്ങളെയെല്ലാം സ്വായത്തമാക്കുകയും സ്വന്തം കലാപരമായ പ്രതിഭാശക്തിയെ മേൽക്കുമേൽ വളർത്തുകയും ചെയ്യാൻ അവർ ശ്രദ്ധിച്ചില്ല.

അഞ്ചാമത്, മാർക്സിസത്തിലുള്ള കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാരുടെ വിശ്വാസം ഔപചാരികം മാത്രമായിരുന്നു. മാർക്സും, ലെനിനും മറ്റുമാവിഷ്ക്കരിച്ച കലാസാഹിത്യസിദ്ധാന്തങ്ങൾ വായിച്ചു പഠിക്കാനോ അവരുടെ സൗന്ദര്യാവബോധത്തിന്റെ ആഗാധതയിലേക്കു ചുഴിഞ്ഞു നോക്കാനോ അവരുടെ ശിഷ്യന്മാരെന്നവകാശപ്പെട്ട കമ്മ്യൂണിസ്റ്റുകാർ മിനക്കെട്ടില്ല. മാർക്സ് കൊല്ലത്തിലൊരിക്കൽ പതിവായി മൂലഭാഷയെ ഗ്രീക്കിൽത്തന്നെ എസ്കിലസ്സ് വായിക്കുകയും ഹോമർ, ദാന്തേ, ഷേക്സ്പിയർ, ഗോഥേ തുടങ്ങിയ മഹാരഥൻമാരുടെ സാഹിത്യകൃതികളിലെ പല ഭാഗങ്ങളും കാണാപ്പാഠം പഠിക്കുകയും ‘മൂലധന’ത്തിൽപ്പോലും ഷേക്സ്പിയറിൽ നിന്നും മറ്റും പഴയ സാഹിത്യകാരൻമാരിൽനിന്നുമുള്ള ഉദ്ധരണികൾ സുലഭമായി ഉപയോഗിക്കുകയും ചെയ്തതെന്തിനാണെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. “ബൂർഷ്വാ സംസ്കാരത്തിന്റെ നിലവാരത്തിൽപ്പോലുമെത്താത്ത ഒരാൾക്കെതിരെ ഒരു മാർക്സിസ്റ്റാവാൻ കഴിയും?” എന്ന് തോഗ്ളിയാത്തി ഒരിക്കൽ ചോദിച്ചത് ഞാനിവിടെ ഓർത്തുപോവുകയാണ്. മാർക്സ് തന്നെ പറയുകയുണ്ടായി: “നിങ്ങൾക്ക് കലയാസ്വദിക്കണമെങ്കിൽ നിങ്ങൾ കലാപരമായ സംസ്കാരം നേടിയ ഒരാളായിരിക്കണം”.

ആറാമത്, അംഗീകരിക്കപ്പെട്ട മാനിഫെസ്റ്റോവിന്റെ അടിസ്ഥാനത്തിൽ വിപുലമായ ഐക്യം കെട്ടിപ്പടുത്തുകൊണ്ടും സ്വതന്ത്രമായും ധീരമായും അതേസമയത്തുതന്നെ സഹിഷ്ണുതയോടും കൂടിയും പരസ്പരം ആശയവിനിമയം നടത്തിക്കൊണ്ടും പുതിയ കാലഘട്ടത്തിനു യോജിച്ച പുതിയ സാഹിത്യസൃഷ്ടികൾക്കു പ്രചോദനം നൽകുന്നതിനു പകരം പുരോഗമന സാഹിത്യ സംഘടനയെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രചരണായുധമാക്കി മാറ്റാനുള്ള വെമ്പലാണുണ്ടായത്.

## 3 പുരോഗമന സാഹിത്യ പ്രസ്ഥാനം

ഇത്തരം ദൗർബ്ബല്യങ്ങളെ കുറേയൊക്കെ പരിഹരിക്കുവാൻ 1944-ൽ ഷൊർണ്ണൂറിൽ വച്ചുകൂടിയ അഖിലകേരള പുരോഗമന സാഹിത്യ സമ്മേളനം സഹായിച്ചു. ജീവൽസ്സാഹിത്യം എന്ന പേരിൽ മാത്രമല്ല അതിന്റെ ഉള്ളടക്കത്തിലും മാറ്റമുണ്ടായി. ജീവൽസ്സാഹിത്യസംഘടനയ്ക്കു പുറത്തുനിന്നുകൊണ്ട് പുരോഗമന സാഹിത്യസൃഷ്ടി നടത്തിക്കൊണ്ടിരുന്ന പ്രശസ്തരായ ഒട്ടനവധി സാഹിത്യകാരൻമാർ സമ്മേളനത്തിൽ പങ്കെടുത്തു. സൗഹാർദ്ദം നിറഞ്ഞ ഒരന്തരീക്ഷത്തിൽ യോജിച്ച പരിപാടികളാവിഷ്ക്കരിക്കപ്പെട്ടു: കേരളത്തിന്റെ സാമൂഹ്യപുരോഗതിയ്ക്കും മലയാളസാഹിത്യത്തിനു തന്നെയും പുതിയൊരുത്തേജനം ലഭിച്ചു.

എന്നാൽ, ഈ യോജിപ്പും ഈ സൗഹാർദ്ദവും മൂന്നു കൊല്ലത്തിലധികം നിലനിന്നില്ല. 1948-ന്റെ ആരംഭത്തിൽ തൃശ്ശൂരിൽവച്ചു കൂടിയ പുരോഗമന സാഹിത്യസമ്മേളനത്തിൽ വച്ച് അഖിലകേരള പുരോഗമന സാഹിത്യസംഘടന തകർന്നു ഛിന്നഭിന്നമായി.

പുരോഗമന സാഹിത്യസംഘടനയുടെ പിളർപ്പിന്റേയും അതിന്റെ കാരണങ്ങളേയും സാഹചര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് സഖാവ് നമ്പൂതിരിപ്പാട് വളരെ ലഘുവും ലളിതവുമായ ഒരു വിശദീകരണം നൽകുന്നുണ്ട്, അദ്ദേഹം എഴുതുന്നു:

‘രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും 1944-ൽ ഐക്യമുന്നണിയുണ്ടായത് കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ സാഹിത്യകാരൻമാർ അന്യോന്യം സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറായതിനാലാണ്. എന്നാൽ ഈ സഹകരണത്തിൽന്നെ ഭാവി സംഘട്ടനങ്ങളുടെ ബീജവും ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ, തൊഴിലാളികർഷക ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി മാത്രം സാഹിത്യരചന നടത്തുന്നവരും അല്ലാത്തവരുമായ സാഹിത്യകാരൻമാർ തമ്മിൽ, അവർ ഇരുവർക്കും താന്താങ്ങളുടെ കാഴ്ച്ചപ്പാടനുസരിച്ച് സാഹിത്യരചന നടത്താനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടു, രൂപം നൽകിയ ഒരു മുന്നണിയാണിത്. മുന്നണിക്ക് രൂപം നൽകിയ സാഹചര്യത്തിൽ മാറ്റം വരുന്നതോടുകൂടി ഈ അന്യോന്യബന്ധത്തിലും മാറ്റം വരാതിരിക്കാൻ വയ്യ. സാഹചര്യങ്ങളിൽ വന്ന മാറ്റം വിലയിരുത്തി, തങ്ങളുടെ പ്രഖ്യാപനമനുസരിച്ചുതന്നെ ‘സോദ്ദേശ’മായിരിക്കേണ്ട സാഹിത്യരചനയുടെ ‘ഉദ്ദേശ’മെന്തെന്ന കാര്യത്തിൽ വിരുദ്ധാഭിപ്രായങ്ങൾ പ്രത്യക്ഷപ്പെട്ടുമ്പോൾ സംഘടനം അനിവാര്യമാകും.

‘യഥാർത്ഥത്തിൽ ഇതുതന്നെയാണ് നടന്നത്. ദേശീയ സ്വാതന്ത്ര്യം, നാട്ടുരാജ്യപ്രദേശങ്ങളെയടക്കം ഇന്ത്യയിലെല്ലായിടത്തും പാർലമെന്ററി ജനാധിപത്യം, മതേതര രാഷ്ട്രീയം, ഭൂനിയമപരിഷ്ക്കരണം, മുതലായ പുരോഗമന സാഹിത്യകാരൻമാർ മുഖ്യമായി കണക്കാക്കിയിരുന്നതെല്ലാം സാധിച്ചുകഴിയുമോ, സാധിക്കാമെന്ന സ്ഥിതിയുളവാകുകയോ ചെയ്തുവെന്ന നിഗമനത്തിലേക്ക് കമ്മ്യൂണിസ്റ്റിതര സാഹിത്യകാരന്മാർ നീങ്ങി. കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരാകട്ടെ, ഇതിൽ കഠിനമായി വിയോജിപ്പു പ്രകടിപ്പിച്ചു. അങ്ങനെ സാഹിത്യത്തിന്റെ ‘ഉദ്ദേശത്തെ’ക്കുറിച്ച് രണ്ടുചിന്താഗതികളും രണ്ടു സമീപനങ്ങളും പരസ്പരം ഏറ്റുമുട്ടി. തങ്ങൾക്കു സ്വീകാര്യമല്ലാത്തത് തങ്ങളുടെ മേൽ വെച്ചുകെട്ടാനാണ് മറുചേരി ശ്രമിക്കുന്നതെന്ന പരാതി ഇരുവർക്കും അന്യോന്യം ഉണ്ടായി. അങ്ങനെ പുരോഗമന സാഹിത്യപ്രസ്ഥാനം തകർന്നു നാമാവശേഷമായി. (ദേശാഭിമാനി റിപ്പബ്ലിക് വിശേഷാൽപ്രതി, 1971, പേജ് 12.)

സാഹിത്യത്തിന്റെ ഉദ്ദേശത്തെക്കുറിച്ചുള്ള രണ്ടു ചിന്താഗതികളും രണ്ടു സമീപനങ്ങളും പരസ്പരം ഏറ്റുമുട്ടിയതിന്റെ ഫലമായിട്ടാണ് പുരോഗമന സാഹിത്യപ്രസ്ഥാനം തകർന്നത് എന്ന നിഗമനം പ്രശ്നത്തിന്റെ ഗൗരവത്തെ ലഘൂകരിച്ചുകാണലാണെന്ന് എനിക്കു തോന്നുന്നു. എന്നാൽ, നമ്പൂതിരിപ്പാട് തന്റെ ലേഖനത്തിൽ ഒരു പടികൂടി മുന്നോട്ടുപോയി. കമ്മ്യൂണിസ്റ്റുകാരുടെ അന്നത്തെ ചിന്താഗതികളിലും സമീപനങ്ങളിലും യാതൊരു പിശകുമുണ്ടായിരുന്നില്ലെന്ന് സമർത്ഥിക്കാൻ ശ്രമിക്കുകകൂടി ചെയ്യുന്നുണ്ട്. തൃശ്ശൂർ സമ്മേളനത്തിന്റെ പശ്ചാത്തലത്തേയും ഭിന്നിപ്പിന്റെ കാരണങ്ങളെയും കുറിച്ചുകൂടി വസ്തുനിഷ്ഠമായും ചരിത്രപരമായും പരിശോധിച്ചാൽ മറ്റൊരു ചിത്രമാണ് ലഭിക്കുക.

## 4 ഭിന്നിപ്പിന്റെ പശ്ചാത്തലം

1947 ആഗസ്റ്റ് ആരംഭത്തിൽ പി.സി. ജോഷിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി പാസ്സാക്കിയ ഒരു പ്രമേയത്തിൽ ആഗസ്റ്റ് 15 ന്റെ അധികാരകൈമാറ്റത്തിനു സ്വാഗതമേകുകയും നീണ്ടകാലത്തെ സമരങ്ങളുടെ ഫലമായി നേടിയെടുത്ത സ്വാതന്ത്ര്യത്തെ കൂടുതൽ പൂർണ്ണമാക്കാൻ വേണ്ടി പുരോഗതിയുടെ പാതയിലൂടെ മുന്നേറണമെന്ന് ഇന്ത്യൻ ജനതയോടാവശ്യപ്പെടുകയും ചെയ്തു. ആഗസ്റ്റ് പതിനഞ്ചിന്റെ ആവേശമുൾക്കൊണ്ടുകൊണ്ട് മിക്ക സംസ്ഥാനങ്ങളിലും നാട്ടുരാജാക്കൻമാർക്കും നാടുവാഴികൾക്കും ജന്മിവ്യവസ്ഥയ്ക്കുമെതിരായ ജനകീയ പ്രക്ഷോഭങ്ങളും സമരങ്ങളും പൊട്ടിപ്പുറപ്പെട്ടു. പ്രത്യേകിച്ചും തെലുങ്കാനയിൽ കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരുമുൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങൾ യോജിച്ചുകൊണ്ട് നാടുവാഴി മേധാവിത്വത്തിനെതിരായ ഒരുശിരൻ സമരമാരംഭിച്ചു. ഈ ഘട്ടത്തിലാണ് ബി.ടി. രണദിവെയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തലപ്പത്തിരിക്കുന്നവരുടെ വിഭാഗം തങ്ങളുടെ പുതിയ ചിന്താഗതികളും സമീപനങ്ങളുമായി രംഗത്തിറങ്ങിയത്. 1947 ആഗസ്റ്റ് 15 ഇന്ത്യൻ ജനത നേടിയത് സ്വാതന്ത്ര്യമല്ല, ആംഗ്ലോ അമേരിക്കൻ സാമ്രാജ്യവാദികളുടെ നേതൃത്വത്തിലുള്ള പുതിയ അടിമത്തമാണ് എന്നും പിന്തിരിപ്പൻ മുതലാളിത്തത്തിന്റെ നേതാക്കളായ ജവഹർലാൽ നെഹ്റുവും മറ്റു ദേശീയ നേതാക്കൻമാരും സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ച് ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യാൻ വേണ്ടി സാമ്രാജ്യവാദികളുമായി കൂട്ടുകൂടിയിരിക്കുകയാണ് എന്നും അതുകൊണ്ട് തൊഴിലാളികളുടെയും കൃഷിക്കാരുടെയും അടിയന്തിരകടമ തങ്ങളെ മർദ്ദിക്കുന്ന വർഗ്ഗങ്ങൾക്കെതിരായി യോജിച്ച സമരങ്ങൾ സംഘടിപ്പിക്കുകയല്ല, മറിച്ച്, ആ വർഗ്ഗങ്ങളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ആംഗ്ലോ അമേരിക്കൻ സാമ്രാജ്യവാദികളുടെ ദാസ്യവേലയെടുക്കുന്ന നെഹ്റു ഗവൺമെന്റിനെ മറിച്ചിട്ട് ജനകീയജനാധിപത്യം സ്ഥാപിക്കലാണെന്നും മറ്റും പ്രഖ്യാപിക്കുന്ന രണ്ടാം പാർട്ടി കോൺഗ്രസ്സിലേക്കുള്ള രണദിവെതീസ്സിസിന്റെ കരടുരേഖ പ്രസിദ്ധം ചെയ്യപ്പെട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ പുതിയ രാഷ്ട്രീയ ലൈൻ പുരോഗമന സാഹിത്യ സംഘടനയെക്കൊണ്ടംഗീകരിപ്പിക്കണമെന്ന് പാർട്ടി നേതൃത്വം തീരുമാനിച്ചു. അതിനുവേണ്ടി ഇ.എം.എസ്. നമ്പൂതിരിപ്പാടും എം.എസ്. ദേവദാസ്സും ഈ പ്രബന്ധമവതരിപ്പിക്കുന്ന ഞാനും കൂടി ഒരു രേഖ എഴുതിത്തയ്യാറാക്കുകയും അത് ഇ.എം.എസിന്റെ അദ്ധ്യക്ഷതയിലും എന്റെ പത്രാധിപത്യത്തിലും നടന്നിരുന്ന ‘കമ്മ്യൂണിസ്റ്റ് വാരികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരൻമാരും ‘സാഹിത്യാസ്വാദകൻമാരും’ ‘ഫ്രാക്ഷൻ’ യോഗത്തിൽ പങ്കെടുക്കാൻ കഴിയത്തക്കവണ്ണം മുൻകൂട്ടി എത്തിച്ചേരണമെന്ന നിർദ്ദേശവും നൽകി. ഇതാണ് തൃശ്ശൂരിൽ വച്ചുകൂടിയ പുരോഗമന സാഹിത്യസമ്മേളനത്തിന്റെ പശ്ചാത്തലം.

## 5 തൃശ്ശൂർ സമ്മേളനം

ഞങ്ങൾ തയ്യാറാക്കിയ രേഖ ഫ്രാക്ഷൻ യോഗത്തിൽ പങ്കെടുത്ത കമ്മ്യൂണിസ്റ്റുകാരെക്കൊണ്ടംഗീകരിപ്പിക്കുക അക്കാലത്ത് അത്ര വിഷമമുള്ള കാര്യമായിരുന്നില്ല. ഈ രേഖ മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതാണ്; ഇതാണ് പാർട്ടിലൈൻ; പാർട്ടി നയത്തെ എതിർക്കുക എന്നുവെച്ചാൽ അച്ചടക്കനടപടികൾക്കു വിധേയനാവുകയും പാർട്ടി വഞ്ചകനും കമ്മ്യൂണിസ്റ്റ് വിരുദ്ധനുമായി മാറുകയും ചെയ്യുക എന്നാണർത്ഥം. ഇത്രയും ഉറപ്പിച്ചുപറഞ്ഞാൽപ്പിന്നെ ആരാണതിനെ എതിർക്കുക? എന്നിട്ടും ചില സംശയങ്ങളും ചോദ്യങ്ങളും പൊന്തിവരാതിരുന്നില്ല. ഉദാഹരണത്തിന്, പി. ഭാസ്കരൻ ചോദിച്ചു:

‘കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാർക്ക് പ്രേമത്തെപ്പറ്റി കവിത എഴുതാൻ പാടില്ലേ?’

ഇ.എം.എസിന്റെ മറുപടി:

‘പ്രേമത്തെപ്പറ്റി എഴുതാം. പക്ഷേ, അത് തൊഴിലാളി–കർഷക സമരങ്ങൾക്ക് പ്രചോദനം നൽകാൻ പറ്റിയതാവണം. സമരങ്ങൾക്ക് പ്രചോദനം നൽകാത്ത പ്രേമകവിത പുരോഗമനപരമല്ല, പിന്തിരിപ്പനാണ്!’

കാറൽമാർക്സ് കല്യാണം കഴിക്കുന്നതിനു മുമ്പ് തന്റെ കാമുകിയായ ജെന്നിക്ക് നൂറിലധികം പ്രേമകവിതകളെഴുതി അയച്ചില്ലേ എന്നും ആ കവിതകൾ ഏതു തൊഴിലാളി കർഷകസമരങ്ങൾക്കാണ് പ്രചോദനം നൽകിയത് എന്നും ആരും ചോദിക്കുകയുണ്ടായില്ല. ചോദിച്ചാൽതന്നെ വല്ല പ്രയോജനമുണ്ടാകുമായിരുന്നുവോ എന്ന കാര്യവും സംശയമാണ്. കാരണം, ലോകത്തിലൊട്ടുക്കുമുള്ള കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം സ്റ്റാലിനിസവും ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം സ്റ്റാലിനിസത്തിന്റെ ഇന്ത്യൻ പതിപ്പായ രണദിവേയിസവുമായിരുന്നു അന്നത്തെ മാർക്സിസം.

അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ പ്രവർത്തകകമ്മിറ്റി കൂടിയപ്പോഴാണ് കുഴപ്പം തുടങ്ങിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രേഖ അതേപടി സ്വീകരിക്കാൻ കമ്മ്യൂണിസ്റ്റുകാരല്ലാത്ത സാഹിത്യകാരൻമാരാരും തന്നെ തയ്യാറായിരുന്നില്ല. മുഖ്യമായി രണ്ടാക്ഷേപങ്ങളാണ് പൊന്തിവന്നത്.

ഒന്നാമത്, പ്രവർത്തനകമ്മിറ്റിയിലെ മറ്റംഗങ്ങളുമായി ആലോചിക്കാതെ കമ്മ്യൂണിസ്റ്റുകാർ മാത്രം കൂടിയിരുന്ന് സമ്മേളനത്തിലവതരിപ്പിക്കാനുള്ള രേഖ തയ്യാറാക്കിയതും പ്രവർത്തകക്കമ്മിറ്റി കൂടുന്നതിനു മുമ്പ് അത് പത്രത്തിൽ പ്രസിദ്ധം ചെയ്തതും തെറ്റാണ്. ആ രേഖ അതേപടി മറ്റുള്ളവരെല്ലാം അംഗീകരിക്കണമെന്നാവശ്യപ്പെടുന്നത് ശരിയല്ല.

രണ്ടാമത് ‘കമ്മ്യൂണിസ്റ്റി’ൽ പ്രസിദ്ധം ചെയ്യപ്പെട്ട രേഖ ഒരു രാഷ്ട്രീയരേഖയാണ്, ഒരു സാഹിത്യസമ്മേളനത്തിന് അവതരിപ്പിക്കാൻ പറ്റിയ രേഖയല്ല, അതുകൊണ്ട്, സാഹിത്യത്തെയും സാഹിത്യകാരൻമാരേയും നേരിടുന്ന പ്രശ്നങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള പുതിയൊരു രേഖ തയ്യാറാക്കണം.

പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ ഭിന്നിപ്പുണ്ടാകരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച എം.പി.പോളും കുറ്റിപ്പുഴ കൃഷ്ണപിള്ളയും ചില അനുരഞ്ജന ശ്രമങ്ങൾ നടത്തിനോക്കി. പക്ഷേ, കമ്മ്യൂണിസ്റ്റുകാർ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല.

രാത്രി പ്രതിനിധിസമ്മേളനം കൂടി, രേഖ വീണ്ടും ചർച്ചയ്ക്കു വന്നു. വാഗ്വാദങ്ങൾ കൂടുതൽ സംഘട്ടനാത്മകങ്ങളായി. കമ്യൂണിസ്റ്റ് സാഹിത്യകാരൻമാരുടെ നേതാവെന്ന നിലയിൽ വിമർശനങ്ങൾക്കു മറുപടി പറഞ്ഞത് മുഖ്യമായും നമ്പൂതിരിപ്പാടാണ്. മറ്റു കമ്മ്യൂണിസ്റ്റുകാർക്ക് നേതാവിന്റെ പിന്നിൽ അണിനിരക്കുക എന്നതിൽ കവിഞ്ഞ് മറ്റു പറയത്തക്ക പങ്കൊന്നുമുണ്ടായിരുന്നില്ല. പ്രവർത്തകകമ്മിറ്റിയിലെ വാദങ്ങൾ ആവർത്തിക്കപ്പെട്ടു. നമ്പൂതിരിപ്പാടിന്റെ അസഹിഷ്ണുതയിലും മറ്റുള്ളവർക്ക് അഭിപ്രായം പറയാനുള്ള അവസരംപോലും നൽകാതിരിക്കുക എന്ന നിലപാടിലും ചിലർ പ്രതിഷേധം രേഖപ്പെടുത്തി. മറ്റു ചിലർ രേഖയിൽ ചില ഭേദഗതികൾ വരുത്താൻ ശ്രമിച്ചു. വേറെ ചിലർ യോജിപ്പിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. പക്ഷേ, യാതൊരു ഫലവുമുണ്ടായില്ല.

തങ്ങൾ തയ്യാറാക്കിയ രേഖ പറയത്തക്ക യാതൊരു മാറ്റവും വരുത്താതെതന്നെ കമ്മ്യൂണിസ്റ്റുകാരനല്ലാത്ത ഏതെങ്കിലും ഒരു പ്രവർത്തകക്കമ്മിറ്റിയംഗം സമ്മേളനത്തിലവതരിപ്പിക്കുന്നത് കൂടുതൽ നന്നായിരിക്കുമെന്ന് കമ്മ്യൂണിസ്റ്റുകാർക്ക് തോന്നി. അതിനുള്ള ഒരു പരിശ്രമം നടത്തിനോക്കുകയും ചെയ്തു. പക്ഷേ, ആരും അതിനു തയ്യാറായില്ല. ഒടുവിൽ രേഖ തൽക്കാലം അവതരിപ്പിക്കേണ്ടതില്ലെന്നും അത് മറ്റൊരു സമ്മേളനത്തിലേക്കു നീട്ടാമെന്നും തീരുമാനിക്കപ്പെട്ടു.

പിറ്റേദിവസം ടൗൺഹാളിൽവച്ച് പുരോഗമന സാഹിത്യസംഘടനയുടെ പൊതുസമ്മേളനമായിരുന്നു. ഹാളിനകത്തും പുറത്തും ശ്രോതാക്കൾ തടിച്ചുകൂടിയിരുന്നു. അന്തരീക്ഷം ചൂടുപിടിച്ചതായിരുന്നു. എം.പി. പോളായിരുന്നു അദ്ധ്യക്ഷൻ. തന്റെ സമചിത്തതയും പ്രശാന്തമായ ഗാംഭീര്യത്തെയും ഒട്ടും തന്നെ കൈവിടാതെ അദ്ദേഹം ചെയ്ത ഉജ്വലമായ പ്രസംഗത്തിലെ ചില ഭാഗങ്ങളെങ്കിലും ഇവിടെ ഉദ്ധരിക്കട്ടെ.

> “കലാകാരൻ സാമുദായിക ജീവിയാണെന്നും സമുദായത്തോട് യാതൊരു കർത്തവ്യവുമില്ലാത്തവണ്ണം സുദുർല്ലഭമായ അയാളുടെ കഴിവുകൾ വിനിയോഗിക്കുന്നത് ആത്മഹത്യാപരമായ കലാവ്യഭിചാരമാണെന്നും അതുകൊണ്ട് ചുറ്റുപാടിൽ നിന്നും ‘ആവേശമുൾക്കൊണ്ട് ജനതയുടെ ഉന്നമനത്തിനായി അയാൾ കലയെ വിനിയോഗിക്കേണ്ടതാണെന്നുമുള്ളത് പുരോഗമനവാദത്തിന്റെ അസ്തിവാരപ്രമാണമാണല്ലോ. ഇതിനെപ്പറ്റി ഇവിടെ പക്ഷാന്തരമുണ്ടാവാനിടയില്ല. എന്നാൽ ഈ ‘ആവേശംകൊള്ളൽ’ എങ്ങനെയാണ് സംഭവിക്കുന്നതെന്ന് ആലോചിക്കേണ്ടതാണ്. ആവേശംകൊണ്ടുമാത്രം കലാസൃഷ്ടി നടക്കുകയില്ല. ബാഹ്യലോകത്തിൽനിന്നുള്ള ആവേശം കലാകാരന്റെ അന്തരംഗത്തിൽ ലീനമായിരിക്കുന്നു. കലാരൂപത്തോട് ഐക്യം പ്രാപിച്ചെങ്കിൽ മാത്രമേ സൃഷ്ടിപരമായ പ്രചോദനമുണ്ടാകുകയുള്ളൂ. പ്രതിപാദ്യമായ വസ്തു കലാകാരന്റെ കലാബോധത്തിലുള്ള ഉപകരണവിശേഷവുമായി താദാത്മ്യം പ്രാപിക്കണം. ഈ സംയോഗമില്ലെങ്കിൽ, ആവേശം എത്ര ഉൽക്കടമായിക്കൊള്ളട്ടെ, ഉദ്ദേശ്യം എത്രതന്നെ മഹത്തരമായിക്കൊള്ളട്ടെ, അവിടെ സൃഷ്ടി നടക്കുകയില്ല”.
>
> — (എം.പി. പോൾ; സാഹിത്യ വിചാരം, പേജ് 136–137)

സാഹിത്യസൃഷ്ടിയുടെ മർമ്മത്തിലേക്ക് വിരൽചൂണ്ടിയതിനുശേഷം അദ്ദേഹം പറഞ്ഞു: ‘ഒരു കലാകാരനു തന്റെ ആശയസ്വാതന്ത്ര്യവും പ്രായോഗികസ്വാതന്ത്ര്യവും ജീവനേക്കാൾ വലിയതാണ്. ഒരു രാഷ്ട്രീയകക്ഷിക്കാകട്ടെ, പല സമരമുഖങ്ങളിലൊന്നു മാത്രമാണ് സാംസ്കാരിക രംഗം. (Cultural Front); ഒരു സാംസ്കാരിക സംഘടനയ്ക്കാകട്ടെ, പല സമരമുഖങ്ങളിലൊന്നാണ് രാഷ്ട്രീയ രംഗം. കലയുടെ പ്രേരണാശക്തി എല്ലാവർക്കുമറിയാം. അതു സ്വാധീനമാക്കുവാൻ ഓരോ കക്ഷിയും ശ്രമിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ കലക്കു കക്ഷിനിരപേക്ഷമായ ഒരു മനസ്സാക്ഷിയുണ്ട്. അതനുസരിച്ചു മാത്രമേ അതിനു പ്രവർത്തിക്കാൻ പാടുള്ളൂ’.

> ‘പുരോഗമന സാഹിത്യകാരൻ കലാകാരനായിരിക്കുന്ന കാലത്തോളം ഈ മനസ്സാക്ഷിയെ വിഗണിക്കുവാൻ നിവൃത്തിയില്ല. പക്ഷേ, കലയെ ഉപരിതലവർഗ്ഗങ്ങളുടെ കുത്തകയിൽനിന്നു മോചിപ്പിച്ച് തികച്ചും ജനകീയമാക്കുകയെന്നുള്ള കാര്യത്തിൽ അയാൾ ഏതു കക്ഷിയോടും കൈകോർത്തു പിടിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധനാണ്. അവിടെ കക്ഷിമാത്സര്യത്തിനു വകയില്ല. ആശയമാത്സര്യമുണ്ടെങ്കിൽ അതുകൊണ്ട് ദോഷമൊന്നുമുണ്ടാകയില്ല. ആശയങ്ങളുടെ സംഘർഷത്തിൽനിന്നുണ്ടാകുന്ന സ്ഫുലിംഗങ്ങൾ ഹൃദയത്തെ തപിപ്പിച്ച് ഉത്തമകലാസൃഷ്ടിക്കുള്ള പ്രേരകങ്ങളായി ഉൽഭവിച്ചേക്കാം’.
>
> — (ടി.പേജ് 147–48)

എം.പി. പോൾ തന്റെ അദ്ധ്യക്ഷ പ്രസംഗം അവസാനിപ്പിച്ചത് ഇങ്ങനെയാണ്:

> “നമ്മുടെ ജനങ്ങൾ ഏതാനും നൂറ്റാണ്ടുകളായി സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിലെന്നപോലെ സാംസ്കാരികമായും അധഃപതിച്ചിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവെച്ചിട്ടു പ്രയോജനമില്ല. അവരുടെ സാംസ്കാരികോന്നമനത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിക്കുകയാണ് നമ്മുടെ സംഘടനയുടെ പരമോദ്ദേശ്യം. ഒരു സാഹിത്യപ്രണയിയെന്ന നിലയിൽ എന്റെ മുഖ്യാഭിലാഷം ഒന്നാം കിടയിലുള്ള പുരോഗമന സാഹിത്യകൃതികൾ ധാരാളം പുറപ്പെടണമെന്നാണ്. ഇത്തരം കൃതികൾ പുരോഗമനപരമായ രാഷ്ട്രീയ പ്രവർത്തനത്തിനു പ്രചോദനം നൽകിയിട്ടുണ്ട്; ഇനിയും നൽകാതിരിക്കുകയില്ല. കലാഗുണമില്ലാത്ത പ്രചരണം നല്ല സാഹിത്യവുമല്ല; നല്ല പ്രചരണവുമല്ല”.
>
> — (ടി. പേജ് 149)

പോളിന്റെ വിജ്ഞാനപ്രദമായ അദ്ധ്യക്ഷപ്രസംഗത്തെ ഒട്ടാകെയെടുത്തു പരിശോധിച്ചാൽ അത് പുരോഗമന സാഹിത്യകാരൻമാരുടെ — കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരൻമാരുടെയും കമ്മ്യൂണിസ്റ്റുകാരല്ലാത്ത സാഹിത്യകാരൻമാരുടെയും യോജിപ്പിനുള്ള ഒരാഹ്വാനമായിരുന്നുവെന്നു കാണാം. പക്ഷേ, അതുകൊണ്ട് പ്രയോജനമുണ്ടായില്ല. കാരണം, ശ്രോതാക്കളിലും സാഹിത്യകാരൻമാരിലും തന്നെയും ഒരു നല്ല വിഭാഗം ഒരേറ്റു മുട്ടലിനു തയ്യാറെടുത്തുവന്നവരായിരുന്നു.

മറ്റൊരു കാരണവുമുണ്ടായിരുന്നു, പോളിന്റെ പ്രസംഗത്തിലൊരിടത്ത്, സാഹിത്യകാരന്റെ സ്വാതന്ത്ര്യത്തെപ്പറ്റി പരാമർശിക്കുന്നതിനിടയ്ക്ക്, സ്റ്റാലിനിസത്തിന്റെ കീഴിൽ അക്കാലത്ത് റഷ്യയിൽ നടമാടിയിരുന്ന സ്വാതന്ത്ര്യധ്വംസനത്തെപ്പറ്റി വളരെ മിതമായ ഭാഷയിലാണെങ്കിലും ഒന്നു സ്പർശിച്ചുവിട്ടിട്ടുണ്ടായിരുന്നു. മാത്രമല്ല, സ്റ്റാലിന്റെ ഭാഷാശൈലി ശുഷ്കവും രസശൂന്യവുമാണെന്നും അതിനേക്കാൾ എത്രയോ രസപുഷ്കലമാണ് ട്രോട്സ്കിയുടെ സാഹിത്യശൈലി എന്നും കൂടി അദ്ദേഹം തുറന്നു പറഞ്ഞുപോയി. കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരന്മാർക്കും സാഹിത്യാസ്വാദകൻമാർക്കും ഇതിനേക്കാൾ വലിയ ഒരായുധം ആവശ്യമുണ്ടായിരുന്നില്ല. എം.പി. പോൾ കമ്മ്യൂണിസ്റ്റു വിരുദ്ധനും സോവിയറ്റ് യൂണിയന്റെ ശത്രുവും അമേരിക്കൻ സാമ്രാജ്യവാദികളുടെ ദാസനും മറ്റും മറ്റുമായി ചിത്രീകരിക്കപ്പെട്ടു!

പൊതുസമ്മേളനത്തിൽ പലരും പ്രസംഗിച്ചു, മുഖ്യമായി രണ്ടു പ്രസംഗങ്ങളാണ് എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നത്; ഒറ്റത്തുനിന്നുകൊണ്ട് പ്രൊഫസർ മുണ്ടശ്ശേരി ചെയ്ത പ്രസംഗവും മറ്റേ അറ്റത്തുനിന്നുകൊണ്ട് ഞാൻ ചെയ്ത പ്രസംഗവും. മുണ്ടശ്ശേരി മാസ്റ്റർ സാഹിത്യത്തിന്റെ രൂപഭദ്രതയെപ്പറ്റിയാണ് പ്രസംഗിച്ചത്. എന്നാൽ സാഹിത്യത്തിന്റെ രൂപം ഭദ്രമായിരിക്കണം എന്ന് ഊന്നിയൂന്നി പ്രസംഗിക്കുന്നതിനിടയിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ ചില ഒളിയമ്പുകളെയ്യുക കൂടി ചെയ്തു. (പിന്നീട് ‘രൂപഭദ്രത’ എന്ന പുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ ഈ ഒളിയമ്പുകളിൽ മിക്കവയും എടുത്തുമാറ്റപ്പെടുകയുണ്ടായി.) അദ്ദേഹത്തിന്റെ വാദങ്ങൾക്കുള്ള മറുപടിയെന്ന നിലയ്ക്കാണ് ഞാൻ പ്രസംഗിച്ചത്. ഭൂരിപക്ഷക്കാരായ തൊഴിലാളികളുടേയും കൃഷിക്കാരുടെയും മറ്റു മർദ്ദിതരുടേയും ഹൃദയങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റുകാർക്ക് തങ്ങളെഴുതുന്നത് കലാഭംഗിയുള്ളതാവണം എന്ന് മറ്റാരും പഠിപ്പിച്ചുതരേണ്ട ആവശ്യമില്ലെന്ന് ഒറ്റ വാചകത്തിൽ പറഞ്ഞുവച്ചതിനുശേഷം ഞാൻ സാഹിത്യത്തിന്റെ ഉള്ളടക്കത്തിലേക്ക് കടന്നു. തന്റെ പിന്തിരിപ്പൻ ആശയങ്ങളെ മറച്ചുപിടിക്കാനും വളർന്നു വരുന്ന തൊഴിലാളി കർഷകസമരങ്ങളെ എതിർക്കാനുമുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് മുണ്ടശ്ശേരി മാസ്റ്റർ രൂപഭദ്രതാവാദം പൊക്കിപ്പിടിച്ചുകൊണ്ടുവന്നത് എന്നായിരുന്നു എന്റെ പ്രധാന ആക്ഷേപം. (തൃശ്ശൂർ സമ്മേളനത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായവരെല്ലാം ‘രൂപഭദ്രൻമാർ’ എന്ന് വിശേഷിപ്പിക്കപ്പെടുകയുണ്ടായി.)

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ഈ രണ്ടു പ്രസംഗങ്ങളിലും സത്യത്തിന്റെ അംശങ്ങളുണ്ടായിരുന്നു എന്നെനിക്കു തോന്നുന്നു. രൂപത്തിന്റെ പ്രാധാന്യത്തെപ്പറ്റി മുണ്ടശ്ശേരി ഊന്നിപ്പറഞ്ഞതിൽ തെറ്റൊന്നുമില്ല. ഉള്ളടക്കത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ സംസാരിച്ചതിലും അത്ര വലിയ തെറ്റൊന്നുമില്ല. പക്ഷേ, രണ്ടുപേരും രൂപഭാവങ്ങളെ വേർതിരിച്ചുകാണിക്കുന്നതിലാണ് ശ്രദ്ധചെലുത്തിയത്.

ഉള്ളടക്കത്തിന്റെ കാര്യം ഊന്നിയതിൽ തെറ്റില്ലെന്നു പറഞ്ഞുവല്ലോ. ശരിക്കു പരിശോധിച്ചാൽ അതിൽ ഗൗരവമേറിയ ഒരു തെറ്റുണ്ടായിരുന്നുവെന്നു കാണാം. എന്തെന്നാൽ, സാഹിത്യത്തിന്റെ ഉള്ളടക്കത്തിൽ തൊഴിലാളി–കർഷകസമരങ്ങളെ മാത്രമേ ഞാനുൾപ്പെടുത്തിയിരുന്നുള്ളൂ. തൊഴിലാളികൾക്കും കൃഷിക്കാർക്കും ഉത്തേജനം നൽകുന്ന സാഹിത്യങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാരല്ലാത്ത സാഹിത്യകാരന്മാർക്ക് യഥാർത്ഥത്തിൽ അത്ര വലിയ എതിർപ്പൊന്നുമുണ്ടായിരുന്നില്ല. എന്റെ ‘പാട്ടബാക്കി’ യ്ക്കു കിട്ടിയ സ്വീകരണം അതിനുദാഹരണമാണ്. എന്നേക്കാൾ വലിയ സാഹിത്യകാരന്മാരായ കേശവദേവും തകഴിയും മറ്റും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പരിപാടി സ്വീകരിക്കാതെ തന്നെ തങ്ങളുടെ നോവലുകളിലൂടെയും ചെറുകഥകളിലൂടെയും തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജീവിതങ്ങളെ പുരോഗമനപരമായ കാഴ്ചപ്പാടിലൂടെ കൂടുതൽ കലാപരമായി ചിത്രീകരിച്ചിട്ടുണ്ട്.

പക്ഷേ, എന്റെ പ്രസംഗത്തിൽ മറ്റൊരംശമുണ്ടായിരുന്നു: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അന്നത്തെ അന്ധവും അപകടം പിടിച്ചതുമായ രാഷ്ട്രീയലൈൻ.

കമ്മ്യൂണിസ്റ്റ്കാർക്ക് ഇഷ്ടമുള്ള രാഷ്ട്രീയനയം സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്ന കാര്യത്തിൽ ആർക്കും എതിർപ്പുണ്ടായിരുന്നില്ല. പക്ഷേ, അത് മറ്റുള്ളവരെല്ലാം സ്വീകരിച്ചേ മതിയാവൂ എന്നു നിർബന്ധിച്ചാലോ?

തൃശ്ശൂർസമ്മേളനത്തിൽ ഭിന്നിപ്പ് അനിവാര്യമായിരുന്നുവെന്നാണ് നമ്പൂതിരിപ്പാട് ഇപ്പോഴും പറയുന്നത്. (ദേശാഭിമാനി റിപ്പബ്ലിക്ക് പതിപ്പിലെ ലേഖനം നോക്കുക) പക്ഷേ, എനിക്കങ്ങിനെ തോന്നുന്നില്ല. പുരോഗമനസാഹിത്യകാരന്മാർക്ക് യോജിച്ചുപോകാനുള്ള സാദ്ധ്യതകളുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ്കാരല്ലാത്ത സാഹിത്യകാരന്മാരിൽ ചിലർ ഭിന്നിപ്പിന്റെ വൈതാളികന്മാരായി വാളുയർത്തുകയുണ്ടായി എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ, അതിന്നവസരം നൽകിയത് കമ്മ്യൂണിസ്റ്റുകാരാണ്. കമ്മ്യൂണിസ്റ്റ്കാരല്ലാത്ത പുരോഗമനസാഹിത്യകാരന്മാരിൽ ഭൂരിഭാഗവും യോജിപ്പിനെതിരായിരുന്നില്ല. എന്നിട്ടും ഭിന്നിപ്പുണ്ടായിരുന്നതിനുള്ള ഏറ്റവും മുഖ്യമായ കാരണം കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ തെറ്റായ ചിന്താഗതികളും തെറ്റായ സമീപനങ്ങളുമായിരുന്നു.

തൃശ്ശൂർസമ്മേളത്തിനുശേഷം കൊല്ലത്തുവെച്ച് വീണ്ടുമൊരു സമ്മേളനം കൂടി. അതിനു മുമ്പുതന്നെ ഞാൻ അറസ്റ്റിൽപ്പെട്ടു കഴിഞ്ഞതുകൊണ്ട് അതിനെപ്പറ്റി സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കാൻ എനിക്കു സാദ്ധ്യമല്ല. എങ്കിലും ഒരു കാര്യത്തിൽ തർക്കമുണ്ടാവാനിടയില്ല. പുരോഗമനസാഹിത്യകാരന്മാർക്കിടയിലുള്ള ഭിന്നിപ്പിനെ കൂടുതൽ മൂർച്ഛിപ്പിക്കാനും കമ്മ്യൂണിസ്റ്റ്കാരായ സാഹിത്യകാരന്മാരെ വിപുലമായ പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽനിന്ന് കൂടുതൽ ഒറ്റപ്പെടുത്താനും മാത്രമേ കൊല്ലം സമ്മേളനം ഉപകരിച്ചുള്ളൂ.

അതിനുശേഷം തൃശ്ശൂരിൽവെച്ചാണെന്നു തോന്നുന്നു, കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരന്മാർ ‘പൊരുതുന്ന സാഹിത്യകാരന്മാ’ രുടെ ഒരു പുതിയ സംഘടന കെട്ടിപ്പടുക്കാൻ ശ്രമിച്ചു. കുറച്ചുകാലം പൊരുതിയതിന്നുശേഷം ആ സംഘടനയും നാമാവശേഷമായി. അതിനിടയിൽ കമ്മ്യൂണിസ്റ്റ്കാരല്ലാത്തവരെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയവുമായി യോജിക്കാത്തവരോ ആയ ഏതാണ്ടെല്ലാ സാഹിത്യകാരന്മാരെയും ‘പിന്തിരിപ്പൻ’ മുദ്രകുത്തി ഒറ്റപ്പെടുത്താനും അങ്ങിനെ സ്വയം ഒറ്റപ്പെടാനും കമ്മ്യൂണിസ്റ്റ്കാരായ സാഹിത്യകാരന്മാരും സാഹിത്യകാരന്മാരല്ലാത്തവരും കമ്മ്യൂണിസ്റ്റുകാരും കൊണ്ടുപിടിച്ചു പരിശ്രമിച്ചു. ജീവൽസ്സാഹിത്യസംഘടന ജനിക്കുന്നതിനുമുമ്പുതന്നെ പുരോഗമനസാഹിത്യകൃതികൾ രചിക്കാൻ തുടങ്ങിയ തകഴി, കേശവദേവ് തുടങ്ങിയ സുപ്രസിദ്ധ സാഹിത്യകാരന്മാരെല്ലാം ബൂർഷ്വാ അധഃപതനവാദികളായി ചിത്രീകരിക്കപ്പെട്ടു. റോഡിയോസ്റ്റേഷനിൽ പണിയെടുക്കുകയും സിനിമാപ്പാട്ടുകളെഴുതുകയും ചെയ്തതുകൊണ്ട് പി. ഭാസ്കരൻ വഞ്ചകനായ പിന്തിരിപ്പനായി. കത്താലിക്കരുടെ നേതൃത്വത്തിലുള്ള ഒരു കോളേജിൽ അദ്ധ്യാപകനായതുകൊണ്ടാണ് മുണ്ടശ്ശേരിമാസ്റ്റർ പിന്തിരിപ്പനായത്. വന്ദ്യവയോധികനായ ഏ. ബാലകൃഷ്ണപിള്ള പോലും കമ്മ്യൂണിസ്റ്റ്കാരുടെ ദൃഷ്ടിയിൽ വെറുമൊരു ‘സോപ്പുകുമിള’ യായി മാറി. (ഇന്ദുചൂഡന്റെ ലേഖനം ഓർക്കുക) ഈ ലിസ്റ്റ് ഇനിയും നീട്ടണോ?

കമ്മ്യൂണിസ്റ്റുകാരായ സാഹിത്യകാരന്മാരുടെ വീറിനേയും ധീരതയേയും ആത്മാർത്ഥതയേയും ത്യാഗങ്ങളേയും ഞാൻ ചോദ്യം ചെയ്യുന്നില്ല. കമ്മ്യൂണിസ്റ്റുകാരുടെ അന്നത്തെ രാഷ്ട്രീയലൈൻ എത്രകണ്ടു ശരിയായിരുന്നു എന്നു പരിശോധിക്കാനും ഞാനിവിടെ മുതിരുന്നില്ല. പക്ഷേ, പുരോഗമന സാഹിത്യപ്രസ്ഥാനത്തോടുള്ള അവരുടെ സമീപനത്തിൽ തെറ്റുകളുണ്ടായിരുന്നുവോ? സാഹിത്യകലാസിദ്ധാന്തങ്ങളോടുള്ള അവരുടെ നിലപാടുകൾ ശരിയായിരുന്നുവോ? മാർക്സും ലെനിനും മറ്റു മുന്നയിച്ച കലാസിദ്ധാന്തങ്ങളുമായി അവർക്കെത്രത്തോളം പൊരുത്തമുണ്ടായിരുന്നു? ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ സമാധാനം കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് കമ്മ്യൂണിസ്റ്റ്കാർക്കു തന്നെയും പ്രയോജനകരമാവും. അത്തരമൊരു ശ്രമം നടത്താൻ മാത്രമാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്.

## 6 II

തങ്ങളുടെ സ്വന്തം നയപരിപാടികളോടു പൂർണ്ണമായി യോജിക്കാത്തവരെയെല്ലാം പിന്തിരിപ്പന്മാരെന്ന് മുദ്രകുത്തി ‘തൊലിയുരിച്ച്’ കാണിച്ച് ഒറ്റപ്പെടുത്താനും അങ്ങിനെ സ്വയം ഒറ്റപ്പെടാനുംവേണ്ടി കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ നടത്തിയ സമർത്ഥമായ പ്രചാരവേലക്കു പ്രചോദനം നല്കിയത് അക്കാലത്ത് മാർക്സിസത്തിന്റെ പേരിൽ പ്രചരിച്ചിരുന്ന രണ്ടു സിദ്ധാന്തങ്ങളാണ്: ഒന്ന് സോഷ്യലിസ്റ്റിറിയലിസം; മറ്റേത് കക്ഷിസാഹിത്യം.

1934-ൽ മോസ്കോവിൽവെച്ച മാക്സിംഗോർക്കിയുടെ നേതൃത്വത്തിൽക്കൂടിയ സോവിയറ്റ സാഹിത്യകാരന്മാരുടെ ഒന്നാംകോൺഗ്രസ്സ് സോഷ്യലിസ്റ്റ് റിയലിസത്തിനു നൽകിയ നിർവചനമിതാണ്;

“സോവിയറ്റ് സാഹിത്യത്തിന്റെയും സാഹിത്യനിരൂപണത്തിന്റെയും അടിസ്ഥാനപ്രമാണമാണ് സോഷ്യലിസ്റ്റ് റിയലിസം. വിപ്ലവകരമായി വളർന്നുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യത്തിന്റെ സത്യസന്ധവും ചരിത്രപരവും സമൂർത്തവുമായ പ്രതിപാദനത്തെയാണ് അത് കലാകാരനിൽനിന്ന് ആവശ്യപ്പെടുന്നത്. മാത്രമല്ല, യാഥാർത്ഥ്യത്തിന്റെ കലാപരമായ പ്രതിപാദനത്തിന്റെ സത്യസന്ധതയും ചരിത്രപരമായ സമൂർത്തസ്വഭാവവും തൊഴിലാളികളെ സോഷ്യലിസത്തിന്റെ ചൈതന്യത്തിൽ ആശയപരമായും വിദ്യാഭ്യാസപരമായും പരിവർത്തനംചെയ്യുക എന്ന കടമയുമായി ബന്ധപ്പെടുത്തുകയും വേണം”.

പ്രത്യക്ഷത്തിൽ നിരുപദ്രവകരമായ ഈ നിർവചനം സ്റ്റാലിനിസത്തിന്റെ കൈയിൽ സാഹിത്യകാരന്റെ സർഗ്ഗശക്തിയ്ക്കു കടിഞ്ഞാണിടാനും അങ്ങിനെ സാഹിത്യപുരോഗതിയെത്തന്നെ തടയാനുമുള്ള ഒരുപകരണമായിത്തീർന്നു. തൊഴിലാളികളെ സോഷ്യലിസത്തിന്റെ വെളിച്ചത്തിൽ ആശയപരമായി വളർത്താൻ പറ്റിയ സാഹിത്യം സൃഷ്ടിക്കുക എന്നുവെച്ചാൽ സാമ്പത്തികരംഗത്തിൽ പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കാനും രാഷ്ട്രീയരംഗത്തിൽ പാർട്ടിയുടേയും ഗവർമ്മേണ്ടിന്റേയും തീരുമാനങ്ങളെ ന്യായീകരിക്കാനും പറ്റിയ കൃതികൾ രചിക്കുക എന്നാണർത്ഥമെന്നു തീരുമാനിയ്ക്കപ്പെട്ടു. സാഹിത്യകലാരംഗങ്ങളിലെ കടമകളെപ്പറ്റി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മറ്റി പാസ്സാക്കിയ ഒരു പ്രമേയത്തെ വിശദീകരിച്ചുകൊണ്ട് 1947-ൽ സ്റ്റാലിന്റെ വലംകയ്യായിരുന്ന ഷഡാനോവ് ഇക്കാര്യം പച്ചയായിത്തന്നെ ഊന്നിപ്പറയുകയുണ്ടായി.

‘സോവിയറ്റ് സാഹിത്യകാരന്മാരിൽനിന്ന് സോവിയറ്റ് ജനത പ്രതീക്ഷിക്കുന്നത് തങ്ങൾക്കവലംബിക്കാൻ പറ്റിയ പ്രത്യയശാസ്ത്രപരമായ ആയുധസാമഗ്രികളാണ്: നിർമ്മാണപദ്ധതികളും പുനരധിവാസപദ്ധതികളും പൂർത്തിയാക്കാൻ നമ്മുടെ രാജ്യത്തെ ദേശീയ സാമ്പത്തികസംവിധാനത്തെ പോഷിപ്പിക്കാനും സഹായിക്കുന്ന ആത്മീയഭാഷണമാണ്... സോഷ്യലിസ്റ്റ് സോവിയറ്റ് വ്യവസ്ഥയുടെ ശക്തിയും അധികാരവും ഉറപ്പിക്കാനും നമ്മുടെ ഭൗതികവും സാംസ്കാരികവുമായ പുരോഗതിയ്ക്കുവേണ്ടി സോവിയറ്റ് സമുദായത്തിന്റെ പ്രേരകശക്തികളെ പൂർണ്ണമായും പ്രയോജനപ്പെടുത്താനും യുവസോവിയറ്റ് തലമുറയോടാവശ്യപ്പെടേണ്ടതുണ്ട്... ഇതു സാധിക്കണമെങ്കിൽ നമ്മുടെ സാഹിത്യവും നമ്മുടെ പത്രങ്ങളും ദൈനംദിനകടമകളിൽനിന്നു വിട്ടുനിൽക്കാൻ പാടില്ല. നേരെമറിച്ച്, പരമോന്നതമായ ആത്മാർപ്പണബുദ്ധിയോടുകൂടി സോവിയറ്റ് ഭരണക്രമത്തെ ആരാധിക്കാനും ജനങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി സേവനം നടത്താനും നമ്മുടെ യുവജനങ്ങളെ പഠിപ്പിക്കുന്ന കാര്യത്തിൽ അവ പാർട്ടിയേയും ജനങ്ങളേയും സഹായിക്കണം.

തങ്ങളുടെ ഭരണക്രമമുറപ്പിക്കാൻ, ജനങ്ങൾക്കു പ്രചോദനം നൽകണമെന്നഭ്യർത്ഥിക്കാൻ ഭരണാധികാരികൾക്കു തീർച്ചയായും സ്വാതന്ത്ര്യമുണ്ട്. പാർട്ടിമെമ്പർമാരായ എഴുത്തുകാർ പാർട്ടിപത്രങ്ങളിലൂടെയും ലഘുലേഖകളിലൂടെയും മറ്റുപാധികളിലൂടെയും പാർട്ടിയുടെ നയപരിപാടികൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ കടപ്പെട്ടവരുമാണ്. പക്ഷേ, അതുമാത്രമാണ് പാർട്ടിമെമ്പർമാരും പാർട്ടിമെമ്പർല്ലാത്തവരുമായ എല്ലാ സാഹിത്യകാരന്മാരുടേയും കടമ എന്നു നിർബന്ധിക്കുന്നത് എത്രത്തോളം ശരിയാണ്? പാർട്ടിമെമ്പർമാരായ സാഹിത്യകാരന്മാർതന്നെ ഏതു വിഷയത്തെപ്പറ്റി എങ്ങിനെ എഴുതണമെന്ന് തീരുമാനിക്കേണ്ടതാരാണ്? തർക്കശാസ്ത്രത്തിനും സ്ഥിതിവിവരക്കണക്കുകൾക്കും കടന്നുചെല്ലാൻ കഴിയാത്ത മേഖലകളിലേയ്ക്ക് സഹജാവബോധത്തോടെ പ്രവേശിക്കുവാൻ കഴിയുമ്പോൾ മാത്രമേ കലാകാരൻ വിലപ്പെട്ടവനായിത്തീരുകയുള്ളൂ എന്നും ഏതെങ്കിലുമൊരു സാഹിത്യകാരൻ സത്യത്തെയും കമ്മ്യൂണിസത്തിന്റെ അടിസ്ഥാനാഭിലാഷങ്ങളേയും ശരിയാംവിധം കൂട്ടിയിണക്കിയിട്ടുണ്ടോ എന്നു നിർണ്ണയിക്കാൻ വായനക്കാരുടേയും നിരൂപകന്മാരുടേയും അഭിപ്രായസംഘട്ടനങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്നു മാത്രമാണ് ലൂനാച്ചാർസ്കി 1928-ൽ എഴുതിയ ‘മാർക്സിസ്റ്റ് നിരൂപണത്തിന്റെ പ്രശ്നങ്ങൾ’ എന്ന തന്റെ പ്രബന്ധത്തിൽ പ്രസ്താവിച്ചത്. (ലൂനാച്ചാർസ്കി: സാഹിത്യത്തെപ്പറ്റിയും കലയെപ്പറ്റിയും മോസ്കോ 1965)

# 7 ഷഡനോവിന്റെ സാഹിത്യസിദ്ധാന്തം

എന്നാൽ ലൂനാർച്ചാർസ്കിയ്ക്കുശേഷം കേന്ദ്രകമ്മറ്റിയുടെ സാഹിത്യവാക്താവായിത്തീർന്ന ഷഡനോവിന്റെ അഭിപ്രായം മറ്റൊന്നായിരുന്നു. പാർട്ടിയുടെ കാലികങ്ങളായ സാമ്പത്തിക രാഷ്ട്രീയ പരിപാടികൾ നടപ്പിൽ വരുത്താനും പാർട്ടിയേയും ഗവർമ്മെണ്ടിനേയും ശക്തിപ്പെടുത്താനുംവേണ്ടി ജനങ്ങളെ അണിനിരത്താൻ പറ്റിയ കവിതകളും കഥകളും നോവലുകളും നാടകങ്ങളും മറ്റുമെഴുതിയുണ്ടാക്കുക എന്നതാണ് സാഹിത്യകാരന്റെ മുഖ്യമായ കടമ. എന്നല്ല, തങ്ങളുടെ സാഹിത്യകൃതികൾ ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാൻ സഹായകരമാണെന്ന് സാഹിത്യകാരന്മാർക്കും അവരുടെ വായനക്കാർക്കും തോന്നിയാൽ പോരാ, പാർട്ടിനേതൃത്വത്തിനുകൂടി അതു ബോധ്യമാവണം. അവർക്കു ബോധ്യമായില്ലെങ്കിൽ സാഹിത്യകാരന്മാർ സാഹിത്യകാരന്മാരല്ലാതായിത്തീരും. ജനങ്ങളുടെയിടയിൽ സ്വാധീനമുള്ള സാഹിത്യകാരന്മാരാണെങ്കിൽ അവരുടെ സ്ഥിതി കൂടുതൽ അപകടകരമാവും. 1947-ൽ സോഷ്ചെങ്കോ, അഖ്മത്തോവ തുടങ്ങിയ സാഹിത്യകാരന്മാരുടെ പേരിൽ കർശനമായ നടപടിയെടുക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന് അവരുടെ കൃതികൾക്ക് വായനക്കാർക്കിടയിൽ കൂടുതൽ പ്രചാരം നേടാൻ കഴിഞ്ഞുവെന്നതായിരുന്നു. സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ നേട്ടങ്ങളെപ്പറ്റിയെഴുതുന്നതിനുപകരം ആത്മനിഷ്ഠങ്ങളും വ്യക്തിപരങ്ങളായ പ്രേമകവിതകളെഴുതുകയും അവയിൽ പലേടത്തും വിഷാദാത്മകതയേയും ഏകാന്തതാബോധത്തേയും പ്രതിഫലിപ്പിക്കുകയും ചെയ്തു എന്നതായിരുന്നു അഖ്മത്തേവയുടെ മുഖ്യമായ കുറ്റം. (സ്റ്റാലിന്റെ മരണത്തിനുശേഷം അഖ്മത്തോവവീണ്ടും ഒരു വലിയ കവിയിത്രിയായി അംഗീകരിക്കപ്പെടുകയും അവരുടെ കവിതകളെ സ്തുതിച്ചുകൊണ്ടുള്ള നിരൂപണങ്ങൾ പുറത്തുവരികയും ചെയ്തു എന്നുകൂടി ഇവിടെ ചൂണ്ടികാണിക്കട്ടെ പക്ഷേ, അപ്പോഴേക്കും അവർ മരണത്തിന്റെ വക്കത്തെത്തിക്കഴിഞ്ഞിരുന്നു.)

ഒരു സാഹിത്യകാരന്റെ കൃതി നല്ലതാണോ ചീത്തയാണോ എന്നു തീരുമാനിക്കേണ്ടത് സാഹിത്യകാരന്മാരും സാഹിത്യനിരൂപകന്മാരും സാഹിത്യാസ്വാദകരുമല്ലേ? സോഷ്യലിസത്തിലേയ്ക്കു കുതിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിൽ ജനങ്ങളുടെ ഉൽകൃഷ്ടങ്ങളായ അഭിലാഷങ്ങളെ മാനിക്കാത്ത കൃതികൾ സ്വയം അപ്രത്യക്ഷമാവുകയില്ലേ? സാഹിത്യകാരന്റെ വ്യക്തിപരമായ നിർമ്മാണപ്രക്രിയയിൽ പാർട്ടിനേതൃത്വമോ ഗവേർമ്മേണ്ടിന്റെ പോലീസ്സുവകുപ്പോ കയ്യിടുന്നതു ശരിയാണോ? ഇത്തരം ചോദ്യങ്ങൾക്ക് ഷഡാനോവ് ചുട്ട മറുപടി കൊടുത്തു: സാമ്പത്തികപരിപാടി ശരിക്കു നടപ്പിൽ വരുത്താത്തവരുടെപേരിൽ കർശനമായ നടപടികളെടുക്കുകയല്ലേ വേണ്ടത്? (ഷഡോനോവ്: സാഹിത്യം, സംഗീതം, തത്വശാസ്ത്രം എന്നിവയെപ്പറ്റി ലാറൻസ് ആൻഡ് വിഷാർട്ട് പ്രസിദ്ധീകരണം, 1950)

ഈ പാർട്ടിനയത്തിന് താത്വികവും ആധികാരികവുമായ പിൻബലം നേടാൻ വേണ്ടിയാണ് ലെനിന്റെ കൃതികളിൽനിന്നുള്ള ചില ഉദ്ധരണികൾ ഉപയോഗിക്കപ്പെട്ടത്. 1948-ൽ കേരളത്തിലെ ഞാനുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റുകാർ ഷഡോനോവിന്റെ സാഹിത്യപ്രസംഗം മാത്രമല്ല പാർട്ടി സാഹിത്യത്തെപ്പറ്റിയുള്ള ലെനിന്റെ ഒരു ലേഖനത്തിന്ന് അദ്ദേഹം നൽകിയ തെറ്റായ വ്യാഖ്യാനവും വിപുലമായ തോതിൽ പ്രചരിപ്പിക്കുകയുണ്ടായി, അതുകൊണ്ട്, ലെനിന്റെ ആ ലേഖനത്തെപ്പറ്റിയും ഇവിടെ ഒന്ന് സ്പർശിക്കുന്നതു നന്നായിരിക്കും.

## 8 പാർട്ടിപ്രവർത്തനങ്ങളുടെ സാഹിത്യവശം

1905-ൽ റഷ്യൻജനതയെയാകെ ഒരു ജനാധിപത്യവിപ്ലവത്തിലേക്കു നയിക്കുകയും അതോടൊപ്പം തന്നെ സോഷ്യലിസ്റ്റാശയക്കാരായ തൊഴിലാളികളേയും മറ്റു വിപ്ലവകാരികളേയും ഒരു തൊഴിലാളിവിപ്ലവത്തിന്നു തയ്യാറാക്കുകയും ചെയ്യുക എന്ന സങ്കീർണ്ണവും വിഷമംപിടിച്ചതുമായ കടമ നിറവേറ്റാൻ തുടങ്ങിയ കാലത്താണ് ലെനിൻ ‘പാർട്ടിസംഘടനയും പാർട്ടിസാഹിത്യവും’ എന്നൊരു ലേഖനമെഴുതിയത്. ‘സാഹിത്യം തൊഴിലാളി വർഗ്ഗത്തിന്റെ പൊതുലക്ഷ്യത്തിന്റെ ഒരു ഭാഗമായിത്തീരണം’ എന്ന് അതിലദ്ദേഹം ചൂണ്ടികാണിക്കുകയുണ്ടായി. പക്ഷേ, ഇതിന്റെ അർത്ഥം എല്ലാ സാഹിത്യകാരന്മാരും പാർട്ടിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് തങ്ങളുടെ സാഹിത്യകൃതികളെ രൂപപ്പെടുത്തണമെന്നോ ഏതു സാഹിത്യകൃതിയും ഏതെങ്കിലുമൊരു പ്രത്യേകവർഗ്ഗത്തിന്റേയോ പാർട്ടിയുടേയോ സാഹിത്യമായിരിക്കുമെന്നോ ആയിരുന്നില്ല, ലെനിൻ എഴുതി:

“ന്യൂനപക്ഷത്തിന്റെ മേൽ ഭൂരിപക്ഷത്തിന്നുള്ള ആധിപത്യത്തിന്നൊപ്പിച്ച് സാഹിത്യത്തെ യാന്ത്രികമായി ക്രമീകരിച്ചു കീഴ്പ്പെടുത്തുക എന്നത് മറ്റെന്തിനേക്കാളുമേറെ വിഷമം പിടിച്ചതാണ്; സംശയമില്ല. ഈ രംഗത്തിൽ വ്യക്തിപരമായ മുൻകയ്യിന്നും ഓരോ വ്യക്തിയുടേയും സവിശേഷമായ അഭിരുചി, വിചാരം, ഭാവന, രൂപവും, ഭാവവും എന്നിവക്കും കൂടുതൽ സന്ദർഭം നൽകണമെന്ന കാര്യത്തിലും സംശയമില്ല. ഇതെല്ലാം മനസ്സിലാക്കാവുന്നതാണ്. എന്നാൽ, ഇതെല്ലാം കാണിയ്ക്കുന്നത് തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ ലക്ഷ്യത്തിന്റെ മറ്റു വശങ്ങളുമായി സാഹിത്യവശത്തെ യാന്ത്രികമായി ഏകീകരിക്കരുത് എന്നു മാത്രമാണ്.

പൊതുവിലുള്ള സാഹിത്യാദികലകളെപ്പറ്റിയല്ല, പാർട്ടിപ്രവർത്തനങ്ങളുടെ സാഹിത്യവശത്തെപ്പറ്റിയാണ്, പ്രത്യേകിച്ചും, പാർട്ടിയുടെ കീഴിലുള്ള പത്രങ്ങൾ, പ്രസിദ്ധീകരണശാലകൾ മുതലായവ വഴിക്കുള്ള രാഷ്ട്രീയ സാഹിത്യപ്രചാരണത്തെപ്പറ്റിയാണ് ലെനിൻ ഇവിടെ പരാമർശിക്കുന്നത്. സ്വാതന്ത്ര്യത്തിനും സോഷ്യലിസ്സത്തിനും വേണ്ടി പോരാടുന്ന വർഗ്ഗങ്ങളുടെ പാർട്ടികളും തങ്ങളുടെ ലക്ഷ്യം നേടാനുള്ള ആശയപരമായ ഒരു ആയുധമെന്നനിലയ്ക്ക് സാഹിത്യത്തെ ഉപയോഗപ്പെടുത്തണം. പാർട്ടിയുടെ പത്രങ്ങളും പ്രസിദ്ധീകരണശാലകളും പാർട്ടിക്കെതിരായ പ്രചരണയുധങ്ങളാക്കി മറ്റാനനുവദിച്ചുകൂടാ. പാർട്ടിയുടെ പരിപാടിയും നയങ്ങളും പ്രചരിപ്പിക്കാൻ പറ്റിയ തരത്തിൽ എഴുതുക എന്നത് പാർട്ടിമെമ്പർമാരായ സാഹിത്യകാരന്മാരുടെ കടമയാണ്. പക്ഷേ, ഈ കടമ യാന്ത്രികമായിട്ടല്ല നിറവേറ്റേണ്ടത്. പാർട്ടിക്കുള്ളിൽ നിന്നുകൊണ്ട് സാഹിത്യരചന നടത്തുന്നവർക്ക് തങ്ങളുടെ ഭാവനകളും അഭിരുചികളും പ്രകടിപ്പിക്കാൻ കൂടുതൽ വിപുലമായ പരിധിയനുവദിച്ചുകൊടുക്കുകയും വേണം — ഇതാണ് ലെനിൻ പറഞ്ഞതിന്റെ ചുരുക്കം.

സയൻസ്, തത്വജ്ഞാനം, സൗന്ദര്യശാസ്ത്രം മുതലായ വിഷയങ്ങളെസംബന്ധിച്ച ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ തീരുമാനമെടുക്കണമെന്നല്ലേ ഇതിന്റെ അർത്ഥം എന്ന ചോദ്യത്തിന്നു ലെനിൻ നല്കിയ മറുപടി ശ്രദ്ധേയമാണ്:

“മാന്യരേ സമാധാനിക്കുക! ഒന്നാമതായി ഞങ്ങളിവിടെ ചർച്ചചെയ്യുന്നതു പാർട്ടിയുടെ സാഹിത്യത്തെപ്പറ്റിയും അതിന്നാവശ്യമായ പാർട്ടിനിയന്ത്രണത്തെപ്പറ്റിയുമാണ്. യാതൊരു നിയന്ത്രണവും കൂടാതെ ഇഷ്ടമുള്ളതെഴുതാനും പറയാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ, സ്വതന്ത്രമായി സ്വന്തം ഇഷ്ടപ്രകാരം ഒന്നിച്ചുചേർന്നുണ്ടാകുന്ന സംഘടനക്ക്, അല്ലെങ്കിൽ പാർട്ടിക്ക് ആ പാർട്ടിയുടെ പേരുപയോഗിച്ചുകൊണ്ടു പാർട്ടിക്കെതിരായ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതുവരെ പാർട്ടിയിൽനിന്നു പുറത്താക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പത്ര സ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും പരിപൂർണ്ണമായിരിക്കണം. എന്നാൽ, അതുപോലെത്തന്നെ സംഘടനാ സ്വാതന്ത്ര്യവും പരിപൂർണ്ണമായിരിക്കണം. പ്രസംഗസ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തുവേണമെങ്കിലും ആർത്തുവിളിക്കാനും നുണ പറയാനും ഹൃദയത്തിന്നു തൃപ്തിയാകുന്നതുവരെ എഴുതാനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യം നിങ്ങൾക്കനുവദിച്ചുതരാൻ ഞാനൊരുക്കമാണ്. എന്നാൽ, സംഘടനാസ്വാതന്ത്ര്യത്തിന്റെ പേരിൽ ഏതെങ്കിലുമൊരു പ്രത്യേകവീക്ഷണഗതി വെച്ചുപുലർത്തുന്ന ആളുകളുടെ സംഘടനയിൽ ചേരാനോ അതിൽനിന്നു വിട്ടുപോരാനോ ഉള്ള സ്വാതന്ത്ര്യം നിങ്ങൾ എനിക്കനുവദിച്ചുതരണം... പാർട്ടിക്കുള്ളിൽ ചിന്താസ്വാതന്ത്ര്യവും വിമർശനസ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, ഇതിന്റെ അർത്ഥം പാർട്ടികളെന്ന പേരിലറിയപ്പെടുന്ന സ്വതന്ത്ര്യസംഘടനകളിൽ ജനങ്ങളെ സംഘടിപ്പിക്കാനുള്ള സ്വാതന്ത്ര്യം വിസ്മരിക്കണമെന്നല്ല. അതൊരിക്കലും ഞങ്ങൾക്കു സാദ്ധ്യമല്ല”. (ലെനിൻ: പാർട്ടി സംഘടനയും പാർട്ടി സാഹിത്യവും — ലാറൻസ് ആൻഡ് വിഷാർട്ട് പ്രസിദ്ധീകരണം, 1962)

മറ്റെല്ലാ രാഷ്ട്രീയപാർട്ടിക്കുമുള്ള സ്വാതന്ത്ര്യം സോഷ്യൽ ഡിമോക്രാറ്റുകാർ എന്ന പേരിലറിയപ്പെട്ട കമ്മ്യൂണിസ്റ്റുകാരുടെ പാർട്ടിക്കും അനുവദിച്ചുകിട്ടണമെന്നേ ലെനിൻ ഇവിടെ ആവശ്യപ്പെടുന്നുള്ളു. കലയെസംബന്ധിച്ചും ശാസ്ത്രത്തെ സംബന്ധിച്ചും സൌന്ദര്യശാസ്ത്രത്തെ സംബന്ധിച്ചും വൈദ്യശാസ്ത്രത്തെ സംബന്ധിച്ചുമെല്ലാം ആധികാരികമായി സംസാരിക്കാൻ പാർട്ടിയുടെ കേന്ദ്രകമ്മറ്റിക്കവകാശമുണ്ടായിരിക്കണമെന്നല്ല, പിന്നെയോ, പാർട്ടിയുടെ പത്രങ്ങളേയും പ്രസിദ്ധീകരണശാലകളേയും പാർട്ടിയുടെ നയപരിപാടികൾ പ്രചരിപ്പിക്കാൻ വേണ്ടി ഉപയോഗപ്പെടുത്തണമെന്നും അങ്ങിനെ അവയെ ഉപയോഗപ്പെടുത്തുന്ന പാർട്ടിസാഹിത്യകാരന്മാർക്ക് കൂടുതൽ വിപുലമായ സ്വാതന്ത്ര്യമനുവദിച്ചുകൊടുക്കണമെന്നും മാത്രമാണ് ലെനിൻ പറയുന്നത്.

# 9 സാഹിത്യത്തെ സംബന്ധിച്ച ലെനിന്റെ കാഴ്ചപ്പാട്

താൽക്കാലികങ്ങളായ അടിയന്തിരാവശ്യങ്ങളേയും മാറിമാറി വരുന്ന നയപരിപാടികളേയും ജനങ്ങൾക്കിടയിൽ സമർത്ഥമായും ഫലപ്രദമായും പ്രചരിപ്പിക്കുന്നതിനുവേണ്ടി എല്ലാ പാർട്ടികളും സാഹിത്യത്തെ ഉപയോഗപ്പെടുത്താറുണ്ട്. ഇതിലത്ഭുതമൊന്നുമില്ല. പക്ഷേ, കാലികങ്ങളായ സാഹിത്യകൃതികളും നൂറ്റാണ്ടുകളെപ്പോലും കവച്ചുവെച്ചുകൊണ്ടു നിലനില്ക്കുന്ന സാഹിത്യകൃതികളും തമ്മിലുള്ള വ്യത്യാസം മറന്നുപോകുന്നത് ആപൽക്കരമാണ്. ഈ വ്യത്യാസം ലെനിൻ തികച്ചും മനസ്സിലാക്കിയിരുന്നുവെന്ന് ലെനിനെപ്പറ്റി അദ്ദേഹത്തിന്റെ സഹധർമ്മിണി ക്രൂപ്സ്ക്കായ എഴുതിയ സ്മരണകളും ടോൾസ്റ്റോയിയെപ്പറ്റിയും മറ്റും ലെനിൻ തന്നെ എഴുതിയ ലേഖനങ്ങളും വായിച്ചാൽ വ്യക്തമാവും. തന്റെ സമകാലീനരായിരുന്ന സാഹിത്യകാരന്മാരോട് വിശാലതയും സഹിഷ്ണുതയും സൗഹൃദവും നിറഞ്ഞ ഒരു സമീപനമാണ് ലെനിനുണ്ടായിരുന്നത്. ഉദാഹരണത്തിന് ലെനിനും മാർക്സിംഗോർക്കിയും തമ്മിലുണ്ടായിരുന്ന സൗഹൃദബന്ധം പരിശോധിക്കുക. ഗോർക്കിക്ക് ലെനിന്റെ എല്ലാ അഭിപ്രായങ്ങളോടും യോജിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ലെനിന്റെ അഭിപ്രായങ്ങളെ മൂർച്ചയേറിയ ഭാഷയിൽ ഖണ്ഡിച്ചുകൊണ്ട് ലേഖനങ്ങളെഴുതാൻ അദ്ദേഹത്തിനു പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരുന്നു. 'ഫ്യൂച്ചറിസ്' ത്തിന്റെ പാരമ്പര്യത്തിൽ നിന്നുയർന്നുവന്ന മയാക്കോവ്സ്കിയുടെ ചില കവിതകൾ ലെനിൻ ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ, ഈ കവിതകളെപ്പറ്റി വിധി പറയേണ്ടത് താനല്ല, വിപ്ലവകാരികളായ യുവാക്കന്മാരാണ് എന്നത്രേ അദ്ദേഹം അഭിപ്രായപ്പെട്ടത്. ഇത്രയധികം യുവാക്കന്മാർ മയാക്കോവ്സ്കിയെ ഇഷ്ടപ്പെടണമെങ്കിൽ അതിലെന്തെങ്കിലുമുണ്ടായിരിക്കണം — ഇതായിരുന്നു ലെനിന്റെ നിലപാട്. സാഹിത്യകലാരംഗങ്ങളിൽ യുവാക്കന്മാർ പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തുന്നതിനെ ഒരിക്കലും അദ്ദേഹം തടസ്സപ്പെടുത്തിയിരുന്നില്ല. മുതലാളിത്ത വ്യവസ്ഥയിൽ സാഹിത്യകാരന്മാർക്കുള്ള സ്വാതന്ത്ര്യം പരിമിതവും കാപട്യം നിറഞ്ഞതുമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥ, നേരെ മറിച്ച്, കൂടുതൽ സ്വതന്ത്രങ്ങളായ സാഹിത്യങ്ങൾക്കു പ്രചോദനം നൽകും — ഇതായിരുന്നു ലെനിന്റെ കാഴ്ചപ്പാട്. ഈ ലെനിനാണ് 1930 നു ശേഷം ഒരു സ്റ്റാലിനിസ്റ്റായി ചിത്രീകരിക്കപ്പെട്ടത്.

സ്റ്റാലിന്റെ ഭരണകാലത്ത്, 1937-ൽ സാഹിത്യത്തെപ്പറ്റി ലെനിൻ എഴുതിയ ലേഖനങ്ങളും പ്രസ്താവനകളും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തുകൊണ്ടുള്ള ഒരു പ്രസിദ്ധീകരണം തയ്യാറാക്കപ്പെടുകയുണ്ടായി. 'ലെനിന്റെ സാഹിത്യസംബന്ധിയായ ലേഖനങ്ങൾക്കും പ്രസ്താവനകൾക്കും നമ്മുടെ അദ്ധ്യായനശാസ്ത്രത്തിലുള്ള സ്വാധീനം' എന്നൊരു ലേഖനം അതിലടങ്ങിയിരുന്നു. ആ ലേഖനത്തിന്റെ പ്രസിദ്ധീകരണത്തിൽ തനിക്കുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഉടൻതന്നെ ക്രൂപ്സ്കായ ഇങ്ങിനെ എഴുതി:

"ഒരു ലേഖനം എന്തുദ്ദേശ്യത്തോടുകൂടി, ഏതെല്ലാം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, എഴുതപ്പെട്ടതാണ് എന്നു പ്രസ്താവിക്കേണ്ടതാവശ്യമാണ്; "തൊഴിലാളിവർഗ്ഗസംസ്കാരത്തെപ്പറ്റി,' 'പാർട്ടിസംഘടനയും പാർട്ടിസാഹിത്യവും,' യൂത്ത് ലീഗുകളുടെ കടമകൾ' എന്നീ ലേഖനങ്ങൾ സുന്ദരകലകളിലുൾപ്പെടുന്ന പൊതുസാഹിത്യത്തെപ്പറ്റി പരാമർശിക്കപ്പെടുന്നവയല്ല". താൽക്കാലികസ്വഭാവം മാത്രമുള്ള സാഹിത്യകൃതികളേയും ശാശ്വതസ്വാഭാവമുള്ള സാഹിത്യകൃതികളേയും ലെനിൻ വേർതിരിച്ചു കണ്ടിരുന്നു എന്ന് ഈ പ്രസ്താവനയിൽ ഒരിക്കൽക്കൂടി വ്യക്തമാക്കുന്നു.

പക്ഷേ, ക്രൂപ്സ്ക്കയയുടെ പ്രസ്താവനകൊണ്ടു യാതൊരു പ്രയോജനവുമുണ്ടായില്ല. അതു പൂഴ്ത്തിവയ്ക്കപ്പെടുകയാണുണ്ടായത്. ലെനിന്റെ ലേഖനങ്ങൾ അതിനുശേഷവും ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു. ലെനിനെ ഉദ്ധരിച്ചുകൊണ്ട് എല്ലാ സാഹിത്യങ്ങളും കക്ഷിസ്സാഹിത്യങ്ങളാണെന്നും കക്ഷിരഹിതസാഹിത്യം എന്നൊന്നില്ല എന്നും പാർട്ടിയുടെ പരിപാടികളും നിർദ്ദേശങ്ങളും പ്രചരിപ്പിക്കാനുതകാത്ത കലയും സാഹിത്യവുമെല്ലാം ഉപയോഗശൂന്യമാണെന്നും കമ്മ്യൂണിസ്റ്റുകാരുടെ ചേരിയിൽനിന്നുകൊണ്ട് സാഹിത്യരചന നടത്തുന്നവരെല്ലാം ബൂർഷ്വാ അധഃപതനവാദികളാണെന്നും മറ്റും മറ്റും തുടരെത്തുടരെ പ്രഖ്യാപിക്കപ്പെട്ടു. 1947-ൽ ഷഡാനോവ് ചെയ്ത പ്രസംഗത്തിനുശേഷം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരും ഈ ചതിക്കുഴിയിൽച്ചെന്നു ചാടി. 1960-ൽ സോവിയറ്റു പത്രങ്ങൾതന്നെ ക്രൂപ്സ്കയയുടെ പ്രസ്താവന പ്രസിദ്ധം ചെയ്തതിനുശേഷമാണ് ലെനിൻ എത്രത്തോളം ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു എന്നു ലോകത്തിലെ ഏതാനും കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്കെങ്കിലും ബോദ്ധ്യമായത്. പക്ഷേ, അപ്പോഴേക്കും ഒട്ടനവധി കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ വീക്ഷണഗതി ലെനിനിലേക്കോ മാർക്സിലേക്കോ തിരിഞ്ഞുനോക്കാൻ കഴിയാത്തവിധം അത്രയ്ക്കു മുരടിച്ചുകഴിഞ്ഞിരുന്നു. ആ മുരടിപ്പാണ് ഇപ്പോഴും ചില പത്രപംക്തികളിലും പ്രസംഗവേദികളിലും പ്രതിഫലിക്കുന്നത്.

## 10 മനുഷ്യൻ — മാർക്സിസത്തിലെ പ്രതിപാദ്യവിഷയം

ലെനിൻ ഒരിക്കലും ഒരു സ്റ്റാലിനിസ്റ്റായിരുന്നില്ല. അദ്ദേഹം മാർക്സിന്റെ ശിഷ്യനായിരുന്നു.

മാർക്സ് ഒട്ടനവധി ഗ്രന്ഥങ്ങളും ലഘുലേഖകളും കത്തുകളും എഴുതിട്ടുണ്ട്. പതിനായിരകണക്കിനുള്ള പേജുകളിൽ തത്വശാസ്ത്രം, ചരിത്രം, ധനശാസ്ത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രമീമാംസ, സൌന്ദര്യശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥസമുച്ചയത്തെ വേണമെങ്കിൽ മൂന്നക്ഷരങ്ങളിൽ സംഗ്രഹിക്കാം: മനുഷ്യൻ! അതേ, മനുഷ്യനാണ് മാർക്സിസത്തിലെ അടിസ്ഥാനപരമായ പ്രതിപാദ്യവിഷയം: സമൂഹത്തേയും സാമൂഹ്യജീവിതത്തിനാവശ്യമായ വിഭവങ്ങളേയും ഉൽപ്പാദനോപകരണങ്ങളേയും സാമൂഹ്യസ്ഥാപനങ്ങളേയും ചരിത്രത്തേയും സംസ്കാരത്തേയും, സാങ്കേതികാത്ഭുതങ്ങളേയും സൃഷ്ടിക്കുന്ന, പ്രകൃതിയേയും പ്രപഞ്ചത്തേയുമാകെ തന്നിലുൾക്കൊള്ളിക്കാൻ ശ്രമിക്കുന്ന, സർവ്വശക്തനും സമ്പൂർണ്ണനുമായ മനുഷ്യൻ.

മാർക്സ് തന്റെ അന്വേഷണമാരംഭിക്കുന്നത് മനുഷ്യനിൽനിന്നാണ്. അദ്ദേഹത്തിന്റെ ലക്ഷ്യവും മനുഷ്യനാണ്.

മനുഷ്യൻ വാസ്തവികലോകത്തിൽ, സാമൂഹത്തിൽ, ചരിത്രത്തിൽ ജീവിക്കുന്നു. അതേ സമയത്തുതന്നെ, അവൻ വാസ്തവികലോകത്തിന്റെയും സമൂഹത്തിന്റേയും ചരിത്രത്തിന്റേയും പരിധികൾക്കപ്പുറത്തേയ്ക്ക് കടക്കാൻ ശ്രമിക്കുന്നു.

മനുഷ്യൻ സ്വന്തം പരിമിതികളേയും പരിധികളേയും അസ്വാതന്ത്ര്യങ്ങളേയും തട്ടിതകർത്തുകൊണ്ട് പരിധിയും പരിമിതിയുമില്ലാത്ത സ്വാതന്ത്ര്യത്തിലേക്കു പ്രയാണം ചെയ്യുന്നു.

അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കും അസ്വാതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേയ്ക്കുമുള്ള പ്രയാണം — അതാണ് മനുഷ്യചരിത്രം. ആ നീണ്ട ചരിത്രത്തിലെ ഒരു താൽക്കാലിക ഘട്ടം മാത്രമാണ് മുതലാളിത്തം.

മുതലാളിത്തം വ്യവസായവൽക്കരണത്തിലൂടെ സാങ്കേതികവൈദഗദ്ധ്യത്തിലൂടെ, മനുഷ്യന്റെ ജീവിതോപാധികളെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം വളർത്തിവിടുന്നു. പക്ഷേ, അതേസമയത്തുതന്നെ, അത് മനുഷ്യന്റെ വ്യക്തിത്വത്തെ ഇടിച്ചു താഴ്ത്തുകയും അവന്റെ അന്തഃസത്തയെ അധഃപതപ്പിക്കുകയും അവനിലുള്ള മനുഷ്യത്വത്തിന്റെ വളർച്ചയെ തടയുകയും ചെയ്യുന്നു.

ചൂഷണത്തിലും മർദ്ദനത്തിലുമധിഷ്ഠിതമായ മുതലാളിത്തസമൂഹത്തിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം വെറും സ്വത്തുടമബന്ധമാണ്, ചരക്കും ചരക്കും തമ്മിലുള്ള ബന്ധമാണ്. മനുഷ്യൻതന്നെ ഒരു വില്പനച്ചരക്കായി മാറ്റപ്പെട്ടിരിക്കുന്നു. വ്യവഹാരികജീവിതത്തിൽ പണവും പദവിയും അധികാരവുമാണ് മനുഷ്യനെ അളക്കാനുള്ള മാനദണ്ഡങ്ങൾ. പണത്തിനും പദവിയ്ക്കും അധികാരത്തിനും വേണ്ടിയുള്ള അടങ്ങാത്ത അത്യാർത്തി, ഉപഭോഗസാമഗ്രികളും സുഖഭോഗസാമഗ്രികളും കുമ്പാരിച്ചുവെക്കാനുള്ള മോഹം, സ്വന്തം കാര്യം നേടാനുള്ള വ്യഗ്രത, അന്യരെ ദ്രോഹിക്കാനുള്ള വാസന, സ്വകാര്യസ്വത്തിനുവേണ്ടിയുള്ള മത്സരം, ദ്വര, അസൂയ, സ്വാർത്ഥം ഇതൊക്കെയാണ് വ്യവഹാരികജീവിതത്തിലെ മുഖ്യഘടകങ്ങൾ. പക്ഷേ, വ്യാവഹാരികസത്യവും, പരമാർത്ഥികസത്യവും ഒന്നല്ല. വ്യവഹാരികസത്യത്തിൽ നിന്ന് പാരമാർത്ഥികസത്യത്തിലേയ്ക്കു കടക്കാൻ കഴിയും. മൃഗീയതകൾക്കു പ്രചോദനം നല്കുന്ന സാഹചര്യങ്ങളെ നശിപ്പിച്ച് വർഗ്ഗസംഘട്ടനങ്ങൾക്കപ്പുറത്തുള്ള പരസ്പര സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സംസ്കാരത്തിന്റേയും സൗന്ദര്യത്തിന്റേയും മേഖലകളിലേയ്ക്ക് മനുഷ്യനെ ഉയർത്താൻ കഴിയും. ചരക്കും ചരക്കും തമ്മിലുള്ള കാപട്യപൂർണ്ണമായ സ്വത്തുടമബന്ധമെന്ന നിലയിൽനിന്ന് മാനുഷികബന്ധത്തെ സ്വതന്ത്രരും സംസ്കാരസമ്പന്നരും സ്നേഹശീലരുമായ യാഥാർത്ഥ മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധമാക്കി മാറ്റാൻ കഴിയും. ഇതാണ് മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിക്കാനുള്ള സാമൂഹ്യവിപ്ലവത്തിന്റെ പ്രേരണാശക്തി.

സോഷ്യലിസമെന്നുവെച്ചാൽ വെറും ഉൽപ്പാദനോപകരണങ്ങളുടെ സാമൂഹ്യവൽക്കരണമല്ല: സമൂഹ്യവൽക്കരണം ഒരുപരിധി മാത്രമാണ്. ലക്ഷ്യം മനുഷ്യനാണ്. ചൂഷണത്തിലും വർഗ്ഗവിദ്വേഷത്തിലും സ്വാർത്ഥത്തിലും കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള വാസ്തവികലോകത്തിലെ മനുഷ്യനെ യഥാർത്ഥമനുഷ്യനാക്കി മാറ്റാനുള്ള സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും മാനസികവുമായ പരിവർത്തനങ്ങൾക്കാണ് സോഷ്യലിസ്റ്റ് വിപ്ലവമെന്നു പറയുന്നത്.

വാസ്തവികലോകത്തിലെ മനുഷ്യന്റെ സാംസ്കാരികവും മാനസികവും, വൈകാരികവുമായ മേഖലകളിലാണ് കലാകാരന്റെ പണിപ്പുര. മനുഷ്യനിൽ അപൂർണ്ണതയുടെ അംശങ്ങളുണ്ട്, പൂർണ്ണതയുടെ അംശങ്ങളുമുണ്ട്. മൃഗീയതയുടെ ഘടകങ്ങളുമുണ്ട്, മനുഷ്യത്വത്തിന്റെ ഘടകങ്ങളുണ്ട്. സങ്കീർണ്ണമായ ദൈനംദിനജീവിതത്തിനും ചൂഷണാധിഷ്ഠിതമായ വർഗ്ഗബന്ധങ്ങൾക്കുമപ്പുറത്തുള്ള യഥാർത്ഥമനുഷ്യത്വത്തെപ്പറ്റിയാലോചിക്കുന്ന മനുഷ്യന്റെ വികാരവിചാരങ്ങൾക്കും അന്തഃസംഘർഷങ്ങൾക്കും അവയ്ക്കു പ്രേരണ നൽകുന്ന ബാഹ്യയാഥാർത്ഥ്യങ്ങളുടെ അഗാധതകൾക്കും തന്റെ സ്വന്തം പ്രതിഭയും സർഗ്ഗാത്മകമായ ഭാവനാശക്തിയുമുപയോഗിച്ച് കലാപരമായ ആവിഷ്കരണം നൽകുന്ന സാഹിത്യകാരന്റെ കൃതികൾ ഏതുകാലത്തെഴുതപ്പെട്ടവയായാലും പുരോഗമനപരങ്ങളായിരിക്കും.

കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ്കാരല്ലാത്തവരുമായ രണ്ടു വിഭാഗം സാഹിത്യകാരന്മാർ തമ്മിലുള്ള ഐക്യം തകർന്നപ്പോൾ "തൊഴിലാളിവർഗ്ഗസാഹിത്യവും പുരോഗമനസാഹിത്യവും ഒരുപോലെ തകർന്നു" എന്ന് ഇ.എം.എസ്സ്. നമ്പൂതിരിപ്പാട് തന്റെ ദേശാഭിമാനി ലേഖനത്തിൽ സങ്കടപ്പെടുന്നുണ്ട്. (ദേശാഭിമാനി, റിപ്പബ്ളിക്ക് വിശേഷാൽപ്രതി, 1971, പേജ് 13) 1948-നു ശേഷം പുരോഗമനസാഹിത്യസംഘടന തകർക്കപ്പെട്ടതിനുശേഷം പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്ന് വലിയൊരുലച്ചിൽ തട്ടി എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതു ശരിയാണ്. പക്ഷേ, 'പുരോഗമനസാഹിത്യം' തകർന്നു എന്നു പറയുന്നത് ശരിയല്ല. 1948–53 കാലത്തിനുശേഷം, പ്രത്യേകിച്ചും 1960 നും 70നും ഇടയിൽ, ഉണ്ടായയതുപോലെയുള്ള ഒരു സാഹിത്യമുന്നേറ്റം മുമ്പെപ്പോളെങ്കിലുമുണ്ടായിട്ടുണ്ടോ? ഈ കാലഘട്ടത്തിലുയർന്നുവന്ന നൂറുകണക്കിലുള്ള — ആയിരക്കണക്കിലുള്ള എന്നു തന്നെ പറയട്ടെ — യുവസാഹിത്യകാരന്മാരെല്ലാം പിന്തിരിപ്പൻ സാഹിത്യമാണോ സൃഷ്ടിക്കുന്നത്? തീർച്ചയായും അല്ല എന്നാണ് എന്റെ മറുപടി. എന്നല്ല, ഈ പുതിയ എഴുത്തുകാരിൽനിന്നാണ് പഴയ പുരോഗമനസാഹിത്യകാരന്മാരെ അതിശയിക്കുന്ന ഇന്നത്തേയും നാളത്തേയും പ്രഗൽഭന്മാരും പ്രശസ്തന്മാരുമായ സാഹിത്യനായകന്മാർ ഉയർന്നുവരിക എന്നെനിക്കുറപ്പിച്ചു പറയാൻ കഴിയും. ഈ പുതിയ യുവസാഹിത്യകാരന്മാരെപ്പറ്റിയോ അവരുടെ സാഹിത്യകൃതികളിലടങ്ങിയ നൂതനപ്രവണതകളെപ്പറ്റിയോ എന്തെങ്കിലും ഇവിടെ പറഞ്ഞുവെയ്ക്കാൻ എന്റെ ഈ പ്രബന്ധത്തിന്റെ പരിമിതി അനുവദിക്കുന്നില്ല. അതുകൊണ്ട് തൽക്കാലം ഇവിടെവെച്ചു നിർത്തട്ടെ.

നവയുഗം, 1971 ജൂൺ 17
(ഗുരുവായൂരിലെ നവയുഗം സുഹൃത്ത്
സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം)

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014